## പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## പത്തൊൻപതാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06), വയനാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## പത്തൊൻപതാമത് റിപ്പോർട്ട്

(2015 ജൂൺ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06), വയനാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

616/2015.

## ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം | I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം | II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം | III | : സമിതിയുടെ ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവ | .. | 45 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-16)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 മേയ് 27-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 8.

# റിപ്പോർട്ട്

## അദ്ധ്യായം I

വയനാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും, പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06) യുടെ നാലാമത് റിപ്പോർട്ട് 2004 ജൂലൈ 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

സംസ്ഥാനത്തെ ആദിവാസി മേഖലയായി അറിയപ്പെടുന്ന വയനാട് ജില്ലയിലെ ആദിവാസി സമൂഹം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി, സമിതി നടത്തിയ സന്ദർശനങ്ങളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങളും/ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്ത് സമിതിയുടെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ കുറിപ്പുകൾ ആവശ്യപ്പെടുകയും, ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസനം, നികുതി, ഊർജ്ജം, ആരോഗ്യ കുടുംബക്ഷേമം, വനം വന്യജീവി, തദ്ദേശസ്വയംഭരണം, ധനകാര്യം, എക്സൈസ്, പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ യഥാക്രമം 30-9-2005, 4-1-2007, 18-8-2010, 25-1-2011, 30-7-2013, 13-8-2014, 25-2-2015 എന്നീ തീയതികളിൽ കൂടിയ സമിതി യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2004-06)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ ഈ റിപ്പോർട്ടിൽ അദ്ധ്യായം II-ലും ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകൾ സംബന്ധിച്ച വിവരം അദ്ധ്യായം III-ലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ചുവടെ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ് )

### ഖണ്ഡിക നമ്പർ 3

വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അദ്ധ്യയന വർഷം ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ തന്നെ വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സ്റ്റേഷനറി സാധനങ്ങൾ, ബുക്കുകൾ, യൂണിഫോം എന്നിവ അദ്ധ്യയന വർഷാരംഭ ദിനത്തിൽ തന്നെ കുട്ടികൾക്ക് വിതരണം നടത്താനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-1-2010-ലെ 25859/എ 3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

സ്കൂൾ അദ്ധ്യയനവർഷം ആരംഭിച്ച് ജൂലൈ 15-ന് മുമ്പ് തന്നെ ലംപ്സം ഗ്രാന്റും ആദ്യത്തെ നാല് മാസത്തെ സ്റ്റൈപ്പന്റും മുൻകൂറായി നല്കുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് യഥാസമയം വിതരണം നടത്തിയിട്ടുണ്ട്. ഹോസ്റ്റലിന് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, ബുക്കുകൾ, യൂണിഫോം എന്നിവ കാലതാമസം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 4

ജില്ലയിലെ ഹോസ്റ്റലുകളിലാകെ നിലവിൽ വാർഡന്മാരുടെ പന്ത്രണ്ട് ഒഴിവുകൾ ഉള്ളതായും ആ തസ്തികകളിൽ സംസ്ഥാന പി.എസ്.സി. മുഖേന സ്ഥിരം നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വാർഡന്മാർക്ക് ഹോസ്റ്റൽ ഭരണ നിർവ്വഹണത്തിനും കുട്ടികളുമായി അടുത്തിടപെടാനും ആവശ്യമായ പ്രത്യേക പരിശീലനം നിയമനാരംഭത്തിലും കാലാകാലങ്ങളിലും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(23-6-2010-ലെ 12765/ഡി1/07/പജപവവിവ. നമ്പർ കത്ത് പ്രകാരം)

വയനാട് ജില്ലയിൽ നിലവിലുള്ള എല്ലാ വാർഡൻ തസ്തികയിലെ ഒഴിവുകളും വയനാട് ജില്ലാ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിന്മേൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. മദ്ധ്യവേനൽ അവധിക്കാലത്ത് വാർഡന്മാർക്ക് പരിശീലനം നൽകി വരുന്നുണ്ട്.

### ഖണ്ഡിക നമ്പർ 5

ഹോസ്റ്റൽ ജീവിതവുമായി പൊരുത്തപ്പെടാനാകാതെ അന്തേവാസികളായ കുട്ടികൾ ഒളിച്ചോടുമ്പോൾ പോലീസ് അന്വേഷണം നടത്തി കുട്ടികളെ കണ്ടെത്തുന്നതിനേക്കാൾ ഉചിതമായ നടപടി ഹോസ്റ്റൽ വാർഡൻ നേരിട്ട് മാതാപിതാക്കൾ വസിക്കുന്ന സങ്കേതങ്ങളിൽ ചെന്ന് ആവശ്യമായ നിർബന്ധം ചെലുത്തുന്നതാണ് നല്ലതെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിനായി വകുപ്പുതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹകരണം പ്രൊമോട്ടർമാർവഴി ഏർപ്പാടാക്കണമെന്നും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തി ക്കാതിരിക്കാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ഹോസ്റ്റൽ വിട്ടുപോകുന്ന കുട്ടികളെ, ജീവനക്കാരെയും പട്ടികവർഗ്ഗ പ്രൊമോട്ടർമാ രെയും നിയോഗിച്ച് തിരികെ ഹോസ്റ്റലിൽ കൊണ്ടുവരുന്നതിന് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി പ്രത്യേകമായി സ്റ്റുഡൻസ് കൗൺസിലർമാരെ നിയോഗിച്ച് കൗൺസിലിംഗ് നടത്തുന്നുണ്ട്.

### ഖണ്ഡിക നമ്പർ 7

കുട്ടികളുടെ സുരക്ഷിതത്വത്തെ കണക്കിലെടുത്ത് ജില്ലയിൽ സ്വന്തമായി കെട്ടിട ങ്ങളില്ലാത്ത എല്ലാ ഹോസ്റ്റലുകൾക്കും സ്ഥിരം കെട്ടിടം നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആയതിലേക്കായി സമയബന്ധിതമായൊരു കർമ്മപദ്ധതി ആവിഷ്കരിക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് ഭൂമി കണ്ടെത്തുന്നതിനും കെട്ടിടം പണിയു ന്നതിനുമുള്ള നടപടികൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നുണ്ട്.

### ഖണ്ഡിക നമ്പർ 8

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക്/ എം.ആർ.എസ്. ഹോസ്റ്റലുകളിൽ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് ആവശ്യമായ തുക ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളു ടെയും ഭക്ഷണച്ചെലവിന് നിലവിൽ ട്രഷറി നിയന്ത്രണമില്ല.

ഖണ്ഡിക നമ്പർ 9

പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികൾക്ക് താമസസൗകര്യം അനുവദിക്കുന്നതിന്റെ തോത് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം പട്ടികവിഭാഗം ജനസംഖ്യയുടെ പ്രാദേശികതലത്തിലെ ആവശ്യകതയും കുട്ടികളുടെ ലഭ്യതയും നോക്കിയായിരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

സമിതിയുടെ ശിപാർശ നടപ്പാക്കിവരുന്നുണ്ട്. അധിവാസ കേന്ദ്രങ്ങൾക്കടുത്ത് സ്കൂളില്ലാത്ത സ്ഥലങ്ങളിലുള്ളവർക്കും അഗതികളായുള്ളവർക്കും മുൻഗണന നൽകുന്നുണ്ട്. സ്ഥാപനങ്ങളിൽ ലഭ്യമായ ഭൗതിക സൗകര്യങ്ങൾക്കനുസൃതമായി കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നുമുണ്ട്.

ഖണ്ഡിക നമ്പർ 10

ഹോസ്റ്റലിലെ കുട്ടികൾക്ക് യോഗ്യതയുള്ള ട്യൂഷൻ അദ്ധ്യാപകരെ നിയോഗിക്കാനും, മുടക്കം കൂടാതെ ട്യൂഷൻ നൽകിവരുന്നുവെന്ന് ഉറപ്പുവരുത്താനും, കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കാനും ട്യൂഷൻ അദ്ധ്യാപകരുടെ ഓണറേറിയം നൽകുന്നതിനും യഥാസമയം വകുപ്പുതലത്തിൽ തന്നെ നടപടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-1-2010-ലെ 25859/എ 3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ഹോസ്റ്റലുകൾ സ്ഥാപിക്കുമ്പോൾ സ്കൂൾ പരിസരത്ത് തന്നെ സ്ഥാപിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. നിലവിലുള്ള ഹോസ്റ്റലുകളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തം സ്ഥലവും കെട്ടിടവും ഒരുക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഹോസ്റ്റലുകളിൽ ട്യൂഷൻ അദ്ധ്യാപകരെ നിയമിക്കുന്നത് ബന്ധപ്പെട്ട ജില്ലാ ഓഫീസറാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓണറേറിയം അനുവദിച്ചു നല്കുന്നുണ്ട്. യോഗ്യതയുള്ളവരെ മാത്രം ട്യൂഷൻ അദ്ധ്യാപകരായി ഹോസ്റ്റലുകളിൽ നിയമിക്കാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 11

വയനാട് ജില്ലയിലെ പട്ടികവിഭാഗത്തിൽപ്പെടുന്നവർ അനേകതരം ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആദിവാസി വിഭാഗത്തിലെ സ്ത്രീ ജനങ്ങളിൽ ബലാൽസംഗത്തിനിരയായതായ ഒറ്റപ്പെട്ട ഒരു സംഭവം സമിതിയുടെ ശ്രദ്ധയിൽവരികയുണ്ടായി. ഇതിന്മേൽ വിചാരണ നടന്നുവരുന്നതായി പോലീസ് അധികാരികൾ സമിതിയെ അറിയിച്ചു. ഈ സംഭവത്തിൽ കുട്ടിയുടെ പിതൃത്വം തെളിയിക്കാനാവശ്യമായ ഡി.എൻ.എ. പരിശോധന നടത്താൻ പ്രതിയെ നിർബന്ധിക്കാൻ കോടതിക്കാവില്ലെന്നും വാദിക്ക് സാമ്പത്തികശേഷി തീരെയില്ലെന്നും വകുപ്പുതലത്തിൽ ഇതിനാവശ്യമായ ഭാരിച്ച ചെലവ് വഹിക്കാൻ നിർവ്വാഹമില്ലെന്നും വന്നിരിക്കെ,

വിചാരണയിൽ പ്രധാനപ്പെട്ട തെളിവ് ഹാജരാക്കാൻ കഴിയാതെവന്നിരിക്കയാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത്തരം പ്രത്യേക സാഹചര്യത്തിൽ പട്ടിക വിഭാഗത്തിൽപ്പെടുന്ന വരുടെ താല്പര്യ സംരക്ഷണാർത്ഥം സർക്കാർ തന്നെ മുൻകൈയെടുത്ത് ആവശ്യമായ പരിഹാര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(8-8-2006-ലെ 25928/എഫ്3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പട്ടികവർഗ്ഗക്കാരായ സ്ത്രീകൾ പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമാകുന്നത് ഇപ്പോൾ കുറഞ്ഞുവരുന്നുണ്ട്. സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഉണ്ടാകുന്ന പ്രത്യേക സാഹചര്യങ്ങളിൽ, ഡി.എൻ.എ. ടെസ്റ്റ് നടത്തി തെളിവ് ഹാജരാക്കുന്നതിനുള്ള ചെലവ് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വഹിക്കുന്നതിനും അതുവഴി ടി പ്രശ്നത്തിന് പരിഹാരം കാണാവുന്നതുമാണെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 12

ഇത്തരം സംഭവങ്ങളുടെ നിജസ്ഥിതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന്റെ അവശ്യകതയും പീഡനത്തിനിരയാകുന്നവരെ കണ്ടെത്തി നിയമസഹായം നേടാൻ അവരെ പ്രേരിപ്പിക്കാനും ആവശ്യമായ സഹായം നൽകാനും നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(8-8-2006-ലെ 25928/എഫ്3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പീഡനത്തിനിരയാകുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നിയമം നടപ്പിലാക്കുന്നതിന് മാനന്തവാടി കേന്ദ്രമാക്കി പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുന്ന വേളകളിലും പോലീസ് പൊതുജനസമ്പർക്ക പരിപാടികൾ നടത്തുന്ന വേളകളിലും അവരുടെ അവകാശ സംരക്ഷണത്തിനായി ഉതകുന്ന ക്ലാസ്സുകൾ പോലീസ് വകുപ്പിൽ നിന്ന് നടത്താറുണ്ട്.

## ഖണ്ഡിക നമ്പർ 13

വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ നടന്നുവരുന്ന വാറ്റ്, കഞ്ചാവ് കൃഷി എന്നിവ തടയുന്നതിന് മൃദുസമീപനം ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചുവരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതിനുള്ള കാരണം മുൻകാലങ്ങളിൽ ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് പ്രതിയാക്കപ്പെടുന്ന ആദിവാസികൾക്ക് ആവശ്യമായ നിയമപരിരക്ഷ ലഭിക്കാതെ ദീർഘനാൾ ജയിൽശിക്ഷ അനുഭവിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായതിലുള്ള മാനുഷിക പരിഗണനയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(8-8-2006-ലെ 25928/എഫ്3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ആദിവാസി കോളനികളുമായി ബന്ധപ്പെട്ട് നടന്നുവരുന്ന ചാരായവാറ്റ്, കഞ്ചാവ് കൃഷി എന്നിവ തടയുന്നതിനും മറ്റും കോളനി സന്ദർശന വേളകളിലും പോലീസ് പൊതുജന സമ്പർക്ക പരിപാടികളിലും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നതും റെയ്ഡുകൾ നടത്തിവരുന്നതുമാണ്. ഇക്കാര്യത്തിൽ, ഒരു മൃദുസമീപനം പോലീസിന്റെ ഭാഗത്തുനിന്നും കാണിക്കുന്നില്ല എന്ന് ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഊരുകൂട്ടങ്ങൾവഴി ബോധവൽക്കരണം നടത്തി ഒരളവുവരെ ഇത്തരം കൃത്യങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിയുന്നതാണ്.

## നികുതി വകുപ്പിന്റെ മറുപടി

(25-1-2006-ലെ 34873/ജി2/04/നിവ. നമ്പർ കത്ത് പ്രകാരം)

വാറ്റ്, കഞ്ചാവ് കൃഷി മുതലായ കേസുമായി ബന്ധപ്പെട്ട് പ്രതിയാക്കപ്പെടുന്ന ആദിവാസികൾക്ക് ആവശ്യമായ നിയമപരിരക്ഷ ലഭിക്കാതെ ദീർഘനാൾ ജയിൽശിക്ഷ അനുഭവിക്കേണ്ട സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് മാനുഷിക പരിഗണന എന്ന നിലയ്ക്ക് ആദിവാസികൾ ഉൾപ്പെട്ട കേസുകൾ അതിവേഗം അന്വേഷണം നടത്തി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിലവിൽ അബ്കാരി കേസുകളിൽ ഉൾപ്പെട്ടാലുണ്ടാകാവുന്ന ഭവിഷ്യത്തുകളും ബുദ്ധിമുട്ടുകളും മേജർ കുറ്റം എന്ന നിലയ്ക്ക് കേസിന്റെ ഗുരുതരാവസ്ഥയും മനസ്സിലാക്കി കൊടുക്കുന്നതിന് ആദിവാസി കോളനികളിൽ എക്സൈസ് വകുപ്പ് മുൻകൈ എടുത്ത് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ശ്രമം നടത്തുന്നതുമാണ്.

## നികുതി വകുപ്പിന്റെ റിപ്പോർട്ടിന്മേൽ സമിതി ആരാഞ്ഞ അധികവിവരം

ജില്ലയിലെ ആദിവാസി കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തി യിട്ടുണ്ടോ എന്നും, കഞ്ചാവ് കൃഷി, വാറ്റ് എന്നിവയിൽ ആദിവാസികളുടെ പങ്കാളിത്തം കുറഞ്ഞിട്ടുണ്ടോ;

## നികുതി വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്

(11-12-2007-ലെ 7466/ജി2/07/നിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വയനാട് ജില്ലയിലെ ആദിവാസി കോളനികളിലെല്ലാം മദ്യത്തിന്റെയും മയക്കമരുന്നുകളുടെയും ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ആദിവാസികളുടെ ഇടയിൽ വ്യാജവാറ്റ് ഗണ്യമായ രീതിയിൽ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഞ്ചാവ് കൃഷിയിൽ ജില്ലയിൽ ഒരിടത്തും ആദിവാസികളുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടില്ല.

## ഖണ്ഡിക നമ്പർ 14

വയനാട് ജില്ലയിലെ സംസ്ഥാനാതിർത്തിയിലുള്ള വനമേഖലകളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ ഉപയോഗപ്പെടുത്തി പുറമേനിന്നുള്ളവർ വാറ്റും കഞ്ചാവ് കൃഷിയും നടത്തുന്നതിന് സാദ്ധ്യതയുള്ളതായി സമിതി കരുതുന്നു. അത്തരം സന്ദർഭങ്ങളിൽ വനം-പോലീസ്-എക്സൈസ് എന്നിവരുടെ സംയുക്ത പരിശോധനയിൽ പിടിയിലാകുന്ന ആദിവാസികൾ വർഷങ്ങളോളം തടവ് ശിക്ഷയ്ക്ക് വിധേയരാകുമ്പോൾ യഥാർത്ഥ പ്രതികൾ നിയമത്തിന്റെ പിടിയിൽ വരാതെ രക്ഷപ്പെടുന്നത് വിരോധാഭാസമാണെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആദിവാസികളുടെ ക്ഷേമകാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട വകുപ്പ് പ്രസ്തുത ദുരവസ്ഥ നീക്കാൻ യഥാസമയം പ്രവർത്തന സജ്ജമാകണമെന്നും ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ഐ.റ്റി.ഡി.പി. ഓഫീസറുടെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പ്രവർത്തനമാരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### നികുതി വകുപ്പിന്റെ മറുപടി

(25-1-2006-ലെ 34873/ജി2/04/നിവ. നമ്പർ കത്ത് പ്രകാരം)

പുറമേ നിന്നുള്ളവർ ആദിവാസികളെ ഉപയോഗപ്പെടുത്തി വാറ്റും കഞ്ചാവ് കൃഷിയും നടത്തുന്നതായി സൂചന ലഭിക്കുന്ന കേസുകളിൽ സമഗ്രമായ അന്വേഷണം നടത്തി തെളിവ് ലഭിക്കുന്നതിനനുസരിച്ച് ആദിവാസികൾക്കുപുറമേ ഇവരെക്കൂടി പ്രതി ചേർത്താണ് നിലവിൽ അബ്കാരി കേസുകളിൽ കുറ്റപത്രം നൽകിവരുന്നത്.

## ഖണ്ഡിക നമ്പർ 15

വനം-വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എക്കോ ഡെവലപ്മെന്റ് സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിൽ സമിതി തൃപ്തി പ്രകടിപ്പിച്ചു. വനമേഖലകളിലെ അൺസ്കിൽഡ് ജോലികൾ മുഴുവനായും വനാന്തരങ്ങളിലെ ആദിവാസികളെക്കൊണ്ട് ചെയ്യിക്കുന്നതുവഴി വർഷംതോറും കൂടുതൽ തൊഴിൽ ദിനങ്ങൾ അവർക്കായി കിട്ടുന്നുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഭക്ഷ്യസാധനങ്ങൾ നൽകുന്ന പദ്ധതിയിൽപ്പെടുത്തി ജോലിക്ക് ഒരു ഭാഗം കൂലിയായി അരി നൽകുന്നത് ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. തുടർച്ചയായി ഭക്ഷ്യവസ്തുക്കൾ ലഭ്യമാകാത്ത സാഹചര്യം വനവാസി കുടികളിൽ ഉണ്ടാകാറുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത്തരം സന്ദർഭങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സത്വരമായി ആശ്വാസ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വനവിഭവശേഖരണം നടത്താൻ ആദിവാസികൾ മുന്നിട്ടിറങ്ങുമ്പോൾ അവർക്ക് ആവശ്യമായ വിപണന സൗകര്യം വനം വകുപ്പ് ഏർപ്പെടുത്തണം എന്ന് സമിതി ശിപാർശ ചെയ്യുന്നു. ആദിവാസി മേഖലയിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുരോഗമനാത്മകമായ സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ഇതിന്റെ ഭാഗമായി വനം വികസന പദ്ധതികളിലും വനസംരക്ഷണ നടപടികളിലും ആദിവാസികൾക്ക് പരമാവധി പങ്കാളിത്തം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. ആദിവാസി കുടികളിൽ ശുദ്ധജലവിതരണം നടത്താനുതകുന്ന രീതിയിൽ കിണറുകൾ കുഴിക്കാൻ ഏർപ്പാടുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജോലിക്ക് കൂലി ഭക്ഷണം പരിപാടിയിൽ നല്കുന്ന അരി ഗുണമേന്മയുള്ളതാണോ എന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ മുഖേന പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഫീൽഡ്‌ലവൽ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുൽത്താൻ ബത്തേരി, മുത്തങ്ങ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വനവിഭവങ്ങൾ ശേഖരിച്ച്, ഫെഡറേഷൻ മുഖേന വിപണനം സാദ്ധ്യമാക്കുന്നുണ്ട്. വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പ് മുഖേനയോ രാജീവ് ഗാന്ധി ദേശീയ കുടിവെള്ള പദ്ധതി മുഖേനയോ കിണറുകൾ ലഭ്യമാക്കിവരുന്നുണ്ട്. തുടർച്ചയായി ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യം വനവാസിമേഖലയിൽ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഫുഡ് സപ്പോർട്ട് പദ്ധതി മുഖേന ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 16

അനെർട്ടിന്റെ പ്രസവന മേഖല ആദിവാസി കുടികളിൽ സജീവമായി നിലവിലുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. അനെർട്ട് സ്ഥാപിക്കുന്ന സൗരോർജ്ജ ഉപകരണങ്ങൾ മഴക്കാലത്ത് ഉപയോഗരഹിതമാകുന്നുവെന്ന ആക്ഷേപം പരിഹരിക്കുന്നിന് ഗുണമേന്മയുള്ളവ വിതരണം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആദിവാസി യുവാക്കൾക്ക് സൗരോർജ്ജ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വിദൂരതയിൽ സ്ഥിതിചെയ്യുന്ന ആദിവാസി കുടികളിൽ പാരമ്പര്യ ഊർജ്ജം നൽകുന്നതിനുള്ള പ്രതിബന്ധങ്ങൾ കണക്കിലെടുത്ത് ടി.വി., റേഡിയോ ഉൾപ്പെടെയുള്ളവ ഉപയോഗപ്പെടുത്താനുതകുന്ന തരത്തിൽ സൗരോർജ്ജ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ആരായണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

(9-9-2005-ലെ 12880/സി1/04/ഊവ. നമ്പർ കത്ത് പ്രകാരം)

ആദിവാസി മേഖലയിലെ യുവാക്കൾക്ക് സൗരോർജ്ജ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള പരിശീലനവും വിദൂര ആദിവാസി കുടികളിൽ ടി.വി., റേഡിയോ മുതലായവ പ്രവർത്തിപ്പിക്കാനുതകുന്ന തരത്തിലുള്ള സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ടി 6.27 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും അനെർട്ട് അറിയിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

ആദിവാസി മേഖലയിലെ യുവാക്കൾക്ക് സൗരോർജ്ജ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് നല്കിയ പരിശീലനത്തെ സംബന്ധിച്ചും അതിന്റെ ഫിസിക്കൽ ടാർജറ്റിനെ സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കുക.

ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്

(30-7-2010-ലെ 2807/സി1/08/ഊവ. നമ്പർ കത്ത്)

സൗരോർജ്ജ വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനാവശ്യമായ പരിശീലനങ്ങളൊന്നുംതന്നെ വയനാട് ജില്ലയിലെ ആദിവാസി യുവാക്കൾക്ക് നൽകിയിട്ടില്ല എന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. സുൽത്താൻബത്തേരി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള പൊൻകുഴി പണിയ കോളനി വൈദ്യുതീകരണം പി.എം.ജി.വൈ. പദ്ധതി പ്രകാരം 24-4-2006-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 60 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിലേക്കായി 3.6 കി.മീറ്റർ 11 കെ.വി. ലൈനും 925 മീറ്റർ എൽ.റ്റി. 3 ഫേസ്, 4 വയർ ലൈനും, 910 മീറ്റർ എൽ.റ്റി.1 ഫേസ് ലൈനും നിർമ്മിക്കുകയും ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 44 പ്രവർത്തികളും ഐ.റ്റി.ഡി.പി. പദ്ധതിയിൽ 3 പ്രവൃത്തികളുംകൂടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇവ നിർമ്മാണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണെന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്മേൽ സമിതി ആരാഞ്ഞ അധികവിവരം

വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള 44 പ്രവർത്തികളുടെയും ഐ.റ്റി.ഡി.പി. പദ്ധതി പ്രകാരമുള്ള 3 പ്രവർത്തികളുടെയും നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ടോ ?

ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ മറുപടി

(4-1-2013-ലെ 4835/സി1/11/ഊവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

| PPS വർഷം | എണ്ണം | വിവരം |
|---|---|---|
| IX(2006-07) | 2 | അടച്ച തുകയിൽ കുറവുണ്ട്. എസ്റ്റിമേറ്റ് തുകയുടെ ബാക്കി അടയ്ക്കേണ്ടതായിട്ടുണ്ട്. വനം വകുപ്പിൽ നിന്നുമുള്ള തടസ്സം |
| X(2007-08) | 1 | വസ്തുവിൽ കൂടി വൈദ്യുതിലൈൻ വലിക്കുന്നതിനുള്ള തടസ്സം |
| XI(2008-09) | 1 | വസ്തുവിൽ കൂടി വൈദ്യുതിലൈൻ വലിക്കുന്നതിനുള്ള തടസ്സം |
| XII(2009-10) | 1 | വനം വകുപ്പിൽ നിന്നുമുള്ള തടസ്സം. |

ഖണ്ഡിക നമ്പർ 17

വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട കോളനികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് പണം അടപ്പിച്ച് വൈദ്യുതിബന്ധം അടിയന്തരമായി പുനഃസ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ഇതിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കേണ്ടത് വൈദ്യുതി ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായതിനാൽ അവരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പിന്റെ മറുപടി

(9-9-2005-ലെ 12880/സി1/04/ഊവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട ആദിവാസി കുടികളുടെ കുടിശ്ശിക തുക ഉപഭോക്താവോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ അടയ്ക്കുന്നമുറയ്ക്ക് വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതാണെന്ന് വൈദ്യുതിബോർഡ് അറിയിച്ചിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടികൾ

(19-11-2005-ലെ 43268/എച്ച്2/05/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആദിവാസി കുടികളിൽ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട കോളനികളിൽ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(31-1-2006-ലെ 32094/കെ2/05/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വയനാട് ജില്ലയിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ഉത്തരവാദപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയ കേസുകളിൽ ടി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുവാനും സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്നത് ഒഴിച്ചുള്ള ചെലവ് ഈടാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന് ടി ആവശ്യത്തിന് തുക പദ്ധതിയിൽ ഉൾപ്പെടുത്തിയോ പദ്ധതിയേതര ഗ്രാന്റിൽനിന്നും വകയിരുത്തിയോയെന്ന് കണ്ടെത്താവുന്നതാണെന്നും കൂടാതെ, സൗജന്യ നിരക്കിൽ പഞ്ചായത്തിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്ന കേസുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ധാരണാ പത്രത്തിലേർപ്പെടേണ്ടതും വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട കോളനികൾക്കുവേണ്ടി അടിയന്തരമായി പണമടയ്ക്കുന്നതിനും വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കൂടാതെ, പട്ടികവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ സഹായത്തിന്റെ ഗഡുക്കൾ യഥാസമയം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം കൂടി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 18

വയനാട് ജില്ലയിൽ ആരോഗ്യ പരിരക്ഷാനടപടി അഞ്ച് മേഖലകളിലായി വിഭജിച്ച് നടന്നുവരുന്നുവെന്നും എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഡി.എം.ഒ. സമിതിയിൽ ബോദ്ധ്യപ്പെടുത്തി. അത്യാസന്ന രോഗികളെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടിയന്തരമായി എത്തിക്കുന്നതിന് സൗജന്യ ആംബുലൻസ് സൗകര്യം ലഭ്യമാക്കാറുണ്ടെന്നും തദവസരത്തിൽ കൂട്ടിരിപ്പുകാരെ കിട്ടാനില്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ടെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത് പരിഹരിക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തിക്കുന്ന രോഗികളുടെ തുടർ ചികിത്സയ്ക്ക് കാര്യമായ നിരീക്ഷണം ഏർപ്പെടുത്തണമെന്നും ഇതിനായി ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

(8-6-2010-ലെ 11608/എം3/06/ആകുവ. നമ്പർ കത്ത് പ്രകാരം)

കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തുന്ന ട്രൈബൽ രോഗികളുടെ തുടർ ചികിത്സ സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി, മെഡിക്കൽ കോളേജ് മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിലെ ഗൈനക്കോളജി വിഭാഗത്തിലും കുട്ടികളുടെ വിഭാഗത്തിലും ഓരോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ലാബ് ടെസ്റ്റുകൾ, ഉച്ചഭക്ഷണം എന്നിവ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്.

നെഞ്ച് രോഗാശുപത്രിയിൽ മേൽ വിഭാഗങ്ങളിൽപ്പെടുന്ന രോഗികൾക്കുള്ള ചികിത്സ, മരുന്നുകൾ, ഭക്ഷണം, യാത്രാ സൗകര്യം തുടങ്ങിയവ സൗജന്യമായി നൽകിവരുന്നുണ്ട്. ഈ വിഭാഗങ്ങളുടെ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലും ഒരു ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. കൂടാതെ, മേൽ സൗകര്യങ്ങളെല്ലാം സൗജന്യമായി ഏർപ്പെടുത്തിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 19

അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ ആവശ്യമായിവരുന്ന ഘട്ടങ്ങളിൽ സാമ്പത്തികാനുകൂല്യം നൽകാൻ യാതൊരു സംവിധാനവും നിലവിലില്ലെന്നുള്ള സ്ഥിതിവിശേഷം പരിഹരിക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

### ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ മറുപടി

(8-6-2010-ലെ 11608/എം3/06/ആകുവ. നമ്പർ കത്ത് പ്രകാരം)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് രാഷ്ട്രീയസ്വാസ്ഥ്യ ഭീമ യോജന, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ പ്രകാരം ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നു.

ഖണ്ഡിക നമ്പർ 22

പത്ത് വയസ്സിനു താഴെയുള്ള നൂറിൽപ്പരം കുട്ടികൾക്ക് ഇത്തരം രോഗസാദ്ധ്യതയുള്ളതായി കണ്ടിട്ടുണ്ടെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടിരുന്നു. ഈ സ്ഥിതി അതീവ ഗുരുതരമാണെന്നതിനാൽ ആദിവാസി മേഖലകളിൽ സിക്കിൾസെൽ അനീമിയ രോഗം സംബന്ധിച്ച് ശക്തമായ ബോധവൽക്കരണപരിപാടി നടത്തേണ്ടതുണ്ടെന്നും ആരോഗ്യ സംരക്ഷണത്തിന് ആരോഗ്യപരിശോധനാ ക്യാമ്പുകളുടെ സൗജന്യ വൈദ്യപരിശോധനയും മരുന്നുവിതരണവും നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ മറുപടി

(8-6-2010-ലെ 11608/എം3/06/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമായത്)

സിക്കിൾസെൽ അനീമിയ രോഗം സംബന്ധിച്ച് വ്യാപകമായ ബോധവത്ക്കരണം നടത്താനും ആരോഗ്യ സംരക്ഷണത്തിന് ആരോഗ്യപരിശോധന ക്യാമ്പുകളിലൂടെ സൗജന്യ വൈദ്യപരിശോധനകളും മരുന്നുവിതരണവും നടത്താനും മെഡിക്കൽ ആഫീസർമാർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രജനന ശൈശവ ആരോഗ്യ പരിപാടിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലും മറ്റ് ജില്ലകളിലെ ആദിവാസി മേഖലകളിലും കൂടുതലായി മെഡിക്കൽ ക്യാമ്പുകൾ, തുടർച്ചയായി നടത്തി വരുന്നുണ്ട്. വയനാട് ജില്ലയിലെ മുട്ടിൽ കേന്ദ്രമായി പ്രവർത്തിക്കുന്ന വിവേകാനന്ദ ആശുപത്രി വഴി സിക്കിൾസെൽ അനീമിയ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകി വരുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(27-4-2009-ലെ 1985/ഡി1/05/പജപവവിവ. നമ്പർ കത്ത് പ്രകാരം)

വയനാട് ജില്ലയിലെ മുഴുവൻ ആദിവാസികളെയും വയനാടൻ ചെട്ടി വിഭാഗത്തിൽപ്പെട്ടവരെയും ഉൾപ്പെടുത്തി അരിവാൾ രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കും കോഴിക്കോട് മെഡിക്കൽ കോളേജിൽ യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ ഒരു പ്രോജക്ട് പ്രവർത്തിക്കുന്നു. ജില്ലയിലെ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നഴ്സുമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും വീടുകൾ സന്ദർശിച്ച് പ്രാഥമിക രക്തപരിശോധന (സൊല്യൂബിലിറ്റി ടെസ്റ്റ്) നടത്തുന്നു. ഇതിൽനിന്നും കൂടുതൽ പരിശോധന ആവശ്യമുള്ളവരെ ഇലക്ട്രോഫോറോസിസ് ടെസ്റ്റ് നടത്തുന്നതിനായി ജില്ലയിൽ 10 ആശുപത്രികളിൽ ആധുനിക സൗകര്യം ഏർപ്പെടുത്തി. അതോടൊപ്പംതന്നെ ആദിവാസി മേഖലകളിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യുന്നു. കൂടാതെ ഈ രോഗികൾക്ക് ആവശ്യമായ ചികിത്സയും മരുന്നും ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികളിൽ ലഭ്യമാണ്.

ഖണ്ഡിക നമ്പർ 23

സർക്കാർവക ആശുപത്രികളിൽ രോഗികൾക്ക് നൽകിവരുന്ന റൊട്ടി-പാൽ ഭക്ഷണം ആദിവാസികൾക്ക് പഥ്യമല്ലാത്തതിനാൽ, ഭക്ഷണകാര്യത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി, രോഗികളായ ആദിവാസികളുടെ ഭക്ഷണകാര്യം ഉചിതമായി പുനഃക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ മറുപടി

(8-6-2010-ലെ 11608/എം3/06/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമായത്)

സർക്കാർവക ആശുപത്രികളിൽ രോഗികൾക്ക് നൽകിവരുന്ന റൊട്ടി-പാൽ ഭക്ഷണത്തിന് പകരമായി ഉചിതമായ രീതിയിൽ ഡയറ്റ് പുനഃക്രമീകരിക്കാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 26

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും ആവശ്യമായ തസ്തികകൾ പുതിയതായി സൃഷ്ടിക്കാനും സത്വര നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ മറുപടികൾ

(10-12-2007-ലെ 13489/സി2/06/ആകുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്ന തസ്തിക ആരോഗ്യ വകുപ്പിൽ നിലവിലില്ല. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II-ന്റെ ഒരു ഒഴിവ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ തസ്തികയിൽ വയനാട് ജില്ലയിൽ ഒഴിവുകൾ ഇല്ല. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിൽ 10 പേരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6-1-2011-ലെ 25341/എ 3/05/ആകുവ. നമ്പർ കത്തു പ്രകാരം ലഭ്യമായ മറുപടി

വയനാട് ജില്ലയിൽ നിന്നും റിപ്പോർട്ടു ചെയ്തിട്ടുള്ള അസിസ്റ്റന്റ് സർജൻമാരുടെ എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 27

വയനാട് ജില്ലയിൽ കുടുംബക്ഷേമ പദ്ധതി പ്രകാരം 2003 ജൂലൈ ഒന്ന് മുതൽ വന്ധ്യംകരണ പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി, ആദിവാസികൾ ഉൾപ്പെടെയുള്ളവരെ വന്ധ്യംകരണത്തിന് വിധേയരാക്കിവരികയാണെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആദിവാസി മേഖലയിൽ സമ്മർദ്ദം ചെലുത്തി വന്ധ്യംകരണം വ്യാപകമാക്കിയിരിക്കുകയാണെന്ന ആക്ഷേപം സമിതിയുടെ 8-12-2003-ലെ കൽപ്പറ്റ യോഗത്തിൽ സമിതി മുമ്പാകെ വരികയുണ്ടായി.

പ്രസ്തുത ആക്ഷേപത്തെക്കുറിച്ച് വയനാട് ഡെപ്യൂട്ടി ഡി.എം.ഒ. നൽകിയ വിശദീകരണത്തിൽ നിർബന്ധപൂർവ്വമായ വന്ധ്യംകരണം നടത്തിയിട്ടില്ലായെന്നും ശസ്ത്രക്രിയയ്ക്ക് വിധേയരായവരെല്ലാം സ്വമനസ്സാലെ തയ്യാറായവരാണെന്നും ആദിവാസി സമൂഹത്തിന്റെ ജനസംഖ്യാനുപാതം കണക്കിലെടുക്കുമ്പോൾ ശസ്ത്രക്രിയയ്ക്ക് വിധേയരായ ആദിവാസികളുടെ എണ്ണം കൂടുതലല്ലെന്നും അറിയിച്ചിരുന്നു. വന്ധ്യംകരണത്തിന് വിധേയരായവരിൽ വിധവകളും പ്രസവം കഴിയാത്തവരും അവിവാഹിതരും ഉണ്ടെന്ന ആക്ഷേപവും ഡെപ്യൂട്ടി ഡി.എം.ഒ. നിഷേധിച്ചിരുന്നു. ഈ സംഭവത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ മറുപടി</u>

(17-12-2014-ലെ 54850/എഫ്.ഡബ്ല്യു.2/2014/ആകുവ. നമ്പർ കത്ത്)

'ചെറിയ കുടുംബം, സന്തുഷ്ടകുടുംബം' എന്ന ആശയത്തെ അടിസ്ഥാനമാക്കി ഇന്ത്യാ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കുടുംബാസൂത്രണം പരിപാടി. ഇത് കേരളത്തിലെ പിന്നോക്ക ജില്ലയായ വയനാട്ടിലും നടപ്പിലാക്കേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. ഇതിൽ നിന്നും ഒരു പ്രത്യേക വിഭാഗത്തെയോ പ്രദേശത്തെയോ മാറ്റി നിർത്തുന്നത് അവരെ അവഗണിക്കുന്നതിനും, സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റി നിർത്തുന്നതിനും തുല്യമാണ്. തികച്ചും സൗജന്യവും ഗുണനിലവാരം ഉറപ്പുവരുത്തിയും കൗൺസിലിംഗിനു വിധേയമാക്കിയും, വേണ്ട മുൻകരുതലുകളെടുത്തും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ നിബന്ധനകൾ അംഗീകരിച്ചും ഇൻഷ്വറൻസ് കവറേജും ഉറപ്പുവരുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു വിഭാഗത്തിൽപ്പെട്ട ജനതയേയും നിർബന്ധിത വന്ധ്യംകരണ ശസ്ത്രക്രീയയ്ക്ക് വിധേയമാക്കാറില്ല. ഇതിനായി വരുന്നവരെ കൗൺസിലിംഗ് നടത്തി നിയമപ്രകാരമുള്ള സമ്മതപത്രം ഒപ്പിട്ടു വാങ്ങിയതിനുശേഷം മാത്രമെ ശസ്ത്രക്രീയയ്ക്കു വിധേയമാക്കാറുള്ളൂ. ഈ വിഷയത്തിൽ, ആദിവാസികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയും, പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും പ്രത്യേക അനുമതിവാങ്ങിച്ചുമാണ് ശസ്ത്രക്രീയയ്ക്ക് വിധേയമാക്കാറുള്ളത്. മൂന്ന് കുട്ടികൾ ഉള്ളവരെ മാത്രമെ ശസ്ത്രക്രീയയ്ക്കു വിധേയമാക്കാറുള്ളൂ. രണ്ട് കുട്ടികൾ ഉള്ളവരെ അവർ ആവശ്യപ്പെടുന്നെങ്കിൽ മാത്രം ആരോഗ്യസ്ഥിതി പരിഗണിച്ച് മേൽപ്പറഞ്ഞ നിബന്ധനകളും അംഗീകരിച്ച് മാത്രം ശസ്ത്രക്രീയ നടത്തുന്നു. മറ്റ് സമുദായത്തിലെ അമ്മമാർ പ്രസവത്തോടനുബന്ധിച്ച് അവരുടെ ഇഷ്ടാനുസരണം ശസ്ത്രക്രീയയ്ക്കു വിധേയരായാണ് ആശുപത്രി വിടുന്നത്. എന്നാൽ, ആദിവാസി അമ്മമാർ രണ്ടാമത്തെയോ മൂന്നാമത്തെയോ നാലാമത്തെയോ പ്രസവത്തിനുശേഷം പ്രസവം നിർത്തണമെന്ന് ആവശ്യപ്പെട്ടാൽപോലും അവരുടെ ആരോഗ്യസ്ഥിതി മോശമാണെങ്കിൽ പ്രസവാനന്തര വന്ധ്യംകരണ ശസ്ത്രക്രീയ നടത്താറില്ല. പിന്നീട് അവർ ക്യാമ്പുകളിൽ വന്നാണ് ശസ്ത്രക്രീയ നടത്തുന്നത്. ഇത് ക്യാമ്പുകളിലെ എണ്ണം വർദ്ധിപ്പിക്കാൻ ഇടയാകുന്നു. ഇത് നിർബന്ധിത വന്ധ്യംകരണ ശസ്ത്രക്രീയയായി കാണാവുന്നതല്ല. ഇതു സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു.

ഖണ്ഡിക നമ്പർ 31

## ഡോ. അംബേദ്ക്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുണ്ടേരി, കല്പറ്റ

അദ്ധ്യയന രീതിയിൽ വ്യതിയാനം ഏർപ്പെടുത്തിയും കാട്ടുനായ്ക്കൻ വിഭാഗത്തിലെ കുട്ടികൾക്ക് എഴുത്തും വായനയും സ്വായത്തമാക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ മറുപടി</u>

(7-1-2010-ലെ 25859/എ 3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

വയനാട്, മലപ്പുറം ജില്ലകളിൽ വസിക്കുന്ന കാട്ടുനായ്ക്കൻ ഉൾപ്പെടുന്ന പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെടുന്ന കുട്ടികൾക്കായി വയനാട് ജില്ലയിലെ നൂൽപ്പുഴയിലും മലപ്പുറം ജില്ലയിൽ മഞ്ചേരിയിലും 50% കേന്ദ്രസഹായത്തോടെ ആശ്രമം സ്കൂളുകൾ പ്രവർത്തിച്ചു

വരുന്നു. കൂടാതെ, 2004-05 വർഷം മുതൽ പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ സങ്കേതങ്ങളിൽതന്നെ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി 50 പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പെരിപ്പറ്റിക് എഡ്യൂക്കേഷൻ എന്ന പുതിയ ഒരു പദ്ധതി സർക്കാർ അംഗീകരിച്ചുത്തരവായിട്ടുള്ളതും പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. കാട്ടുനായ്ക്കൻ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി വയനാട് ജില്ലയിൽ 22-ഉം മലപ്പുറം ജില്ലയിൽ 3-ഉം സ്റ്റഡി സെന്ററുകൾ തുടരാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 32

## ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുണ്ടേരി, കല്പറ്റ

വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവം സ്കൂളുകളുടെ പ്രതിച്ഛായയ്ക്ക് മങ്ങലേല്പിക്കുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധന നടത്തി സ്കൂൾ നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ മറുപടി</u>

(7-1-2010-ലെ 25859/എ 3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായത്)

വയനാട് ഐ.റ്റി.ഡി. പ്രോജക്ടാഫീസിന്റെ സേവന പരിധിയിൽ പ്രവർത്തിക്കുന്ന കൽപ്പറ്റ എം.ആർ.എസിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് പടിപടിയായി സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്. ഈ സ്കൂളിൽ പ്രോജക്ടാഫീസർ കാലാകാലങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്.

ഖണ്ഡിക നമ്പർ 33

## ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുണ്ടേരി, കല്പറ്റ

കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്ഥലപരിമിതി പ്രശ്നമാണെന്നും, സ്കൂളുകളിലെ മാലിന്യ സംസ്കരണം, സ്ഥല ദൗർലഭ്യംമൂലം നടത്താൻ കഴിയാത്ത അവസ്ഥയുണ്ടെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. സ്കൂളിലെ കുട്ടികളുടെ പഠന-താമസ സൗകര്യങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ എം.ആർ.എസ്. ഗവേണിംഗ് ബോഡി വിളിച്ചുകൂട്ടി തീരുമാനമെടുത്ത് നടപടി ആരംഭിക്കാനും സ്കൂളിനാവശ്യമായ അധിക സ്ഥലം സ്കൂളിന് സമീപത്തോ അധികമകലെയല്ലാതെയോ കണ്ടെത്തി സ്കൂളിന്റെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാനുതകുന്നതരത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് സന്ദർശന വേളയിൽ സമിതിയെ അനുഗമിച്ച വയനാട് ജില്ലാ കളക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച നടപടി സത്വരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുട്ടികൾക്ക് പഠനപര്യടനം നടത്തുവാൻ ഫണ്ട് അനുവദിക്കണമെന്നും 9-ാം ക്ലാസിൽ ഐ.ടി.പഠന വിഷയം ആയതിനാൽ ആവശ്യാനുസരണം കമ്പ്യൂട്ടറുകൾ വാങ്ങാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ മറുപടി

(7-1-2010-ലെ 25859/എ 3/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായത്)

ഇപ്പോൾ കൽപ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടം കല്പറ്റ പ്രീ മെട്രിക് ഹോസ്റ്റൽ റിപ്പയർ ചെയ്ത് നന്നാക്കിയതാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളിന് എല്ലാ സൗകര്യങ്ങളോടെയും കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കണിയാമ്പറ്റയിൽ ഏറ്റെടുത്ത് PWD-ക്ക് കൈമാറിയിട്ടുണ്ട്. ഈ സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ PWD-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടമാകുന്നതോടുകൂടി സ്ഥലപരിമിതിക്കും മാലിന്യപ്രശ്നത്തിനും പരിഹാരമാകുന്നതാണ്. കുട്ടികൾക്ക് പഠന പര്യടനം എല്ലാ വർഷവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ നടത്താറുണ്ട്. സ്കൂളിൽ അത്യാവശ്യത്തിന് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഇനിയും കമ്പ്യൂട്ടറുകൾ ആവശ്യമെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ ആയത് വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഖണ്ഡിക നമ്പർ 35

**ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട്**

എം.ആർ.എസിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം പ്രവർത്തനം നിലച്ചിരിക്കുന്ന പൂക്കോട് ഡെയറി പ്രോജക്ടിന്റെ സ്ഥലത്ത് നിന്നുതന്നെ കണ്ടെത്തണമെന്നും സ്കൂളിനും ഹോസ്റ്റലിനും അദ്ധ്യാപകരുടെ താമസത്തിനുമായി സൗകര്യപ്രദമായ കെട്ടിടങ്ങൾ അടിയന്തരമായി നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രോജക്ട് സ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങൾ എം.ആർ.എസ്. പ്രവർത്തനത്തിന് അനുയോജ്യമായ രീതിയിൽ ലഭ്യമാക്കാനും സമിതി ആവശ്യപ്പെടുന്നു. സ്കൂളിൽ വൈദ്യുതി എത്തിക്കുന്നതിനും ക്ലാസുമുറികളിൽ ബൾബുകൾ സ്ഥാപിക്കുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കളിസ്ഥലം നിർമ്മിക്കാനും സുസജ്ജമായ ലൈബ്രറി, ലാബ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാനും സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സ്കൂളിൽ കമ്പ്യൂട്ടർ പഠനസൗകര്യം ലഭ്യമാക്കുന്നതിനും ഹോസ്റ്റലിലുള്ള ടി.വി. നന്നാക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് പൂക്കോട് ഡെയറി പ്രോജക്ടിൽ നിന്നും 10 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. ലഭ്യമായ സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി സുസജ്ജമായ ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ സ്ഥാപിക്കുന്നതാണ്. നിലവിലുള്ള സൗകര്യത്തിൽ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലിവിഷൻ നന്നാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 36

**ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട്**

കലാകായിക രംഗങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളിന് അർഹമായ പ്രോത്സാഹനം കൊടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. ചിത്രകലാഭ്യാസനത്തിനുവേണ്ട സ്ഥലപരിമിതി സമിതിയുടെ ശ്രദ്ധയിൽ വരികയും ചിത്രകലാഭ്യാസനത്തിന് ആവശ്യമായ സ്ഥലസൗകര്യം സ്കൂളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

കലാകായിക രംഗങ്ങളിൽ അർഹമായ പ്രോത്സാഹനം നൽകുന്നുണ്ട്. ചിത്രകലാഭ്യാസനത്തിന് ആവശ്യമായ സ്ഥലസൗകര്യം സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 37

**ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട്**

ഹോസ്റ്റൽ ഭക്ഷണച്ചെലവ് ക്രമാതീതമായി ഉയർന്നിരിക്കുന്നത് പരിഗണിച്ച് ഭക്ഷണത്തിനുള്ള മാസ തുക 500 രൂപയിൽ നിന്നും വർദ്ധനവ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ഹോസ്റ്റൽ ഭക്ഷണത്തിനുള്ള പ്രതിമാസ തുക എസ്.എസ്.എൽ.സി. വരെ 1,300 രൂപയും പ്ലസ് വൺ, പ്ലസ് ടു വിഭാഗങ്ങൾക്ക് 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 38

**രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ, നൂൽപ്പുഴ**

മറ്റൊരു സൂപ്രണ്ടിനെ ഇവിടെ അടിയന്തരമായി നിയമിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(23-6-2010-ലെ 12728/ഡി1/07/പജപവവിവ. നമ്പർ കത്ത് പ്രകാരം)

നൂൽപ്പുഴ രാജീവ് ഗാന്ധി ആശ്രമം സ്കൂളിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 13-6-2004 മുതൽ നിയമനം നടത്തി വരുന്നുണ്ട്. 30-11-2008 മുതൽ ശ്രീ. കെ. സി. മുഹമ്മദ് ബഷീർ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചുവരുന്നുണ്ട്.

ശുപാർശ നമ്പർ 39

എം.ആർ.എസ്.കളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഭരണകർത്തവ്യ നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ തസ്തികകളിലും നിയമനം നടത്താനും നിയമനം ലഭിച്ചവർ അവിടെത്തന്നെ ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(23-6-2010-ലെ 12765/ഡി1/07/പജപവവിവ. നമ്പർ കത്ത് പ്രകാരം)

വകുപ്പിനുകീഴിലുള്ള എം.ആർ.എസ്.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങളിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 20-4-2010-ലെ (എംഎസ്.) 47/2010/പജപവവിവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപനത്തിന്റെ തുടർച്ച നിലനിർത്തുന്നതിനായി ഇങ്ങനെ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് സ്ഥലംമാറ്റം അനുവദനീയമല്ല എന്ന് മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 40

കുട്ടികളുടെ ചികിത്സാ ചെലവ് ആളൊന്നിന് മാസംതോറും 10 രൂപയെന്നത് തീരെ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ, ചികിത്സാ ചെലവ് യുക്തിസഹമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ ഒരു കുട്ടിക്ക് പ്രതിമാസം 50 രൂപ നിരക്കിൽ ചികിത്സാ ചെലവിന് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ക്രമമായി സ്കൂളുകളും പ്രീ മെട്രിക് ഹോസ്റ്റലുകളും സന്ദർശിച്ച് പരിശോധന നടത്തുകയും ആവശ്യമാണെങ്കിൽ സൗജന്യമായി മരുന്നുവിതരണം നടത്തുകയും ചെയ്തുവരുന്നു.

ശുപാർശ നമ്പർ 41

വകുപ്പിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസ്.കളിലും ഒരേ തസ്തികയ്ക്ക് ഒരേ ശമ്പളം മാത്രം അനുവദനീയമാണെന്നതിന്റെ വെളിച്ചത്തിൽ പ്രീ മെട്രിക് ഹോസ്റ്റലിൽ ജോലിഭാരവും ഔദ്യോഗിക ഉത്തരവാദിത്വവും എം.ആർ.എസ്.നേക്കാൾ കുറവാണെന്ന ധാരണയിൽ വാർഡൻ തസ്തികയിൽ നിയമനം ലഭിക്കുന്നവർ പ്രീ മെട്രിക് ഹോസ്റ്റലിൽ നിയമനം ലഭിക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നത് കാരണം എം.ആർ.എസ്.കളിൽ പ്രവർത്തിക്കാൻ വകുപ്പുദ്യോഗസ്ഥരെ കിട്ടാനില്ലാത്ത അവസ്ഥയുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. വാർഡൻ തസ്തികകളിൽ നിയമനം നടത്തുമ്പോൾ എം.ആർ.എസിലെ ഒഴിവുകൾക്ക് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(23-6-2010-ലെ 12765/ഡി1/07/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസുകളിലേക്ക് മാത്രമായി വാർഡന്മാരുടെ പുതിയ 18 തസ്തിക സൃഷ്ടിച്ചുകൊണ്ട് 20-4-2010-ലെ ജി.ഒ.(എംഎസ്.) 47/10/പജപവവിവ. നമ്പർ ഉത്തരവ് മുഖേന സർക്കാർ ഉത്തരവായിട്ടുണ്ട്.. ഇതിൻപ്രകാരം എം.ആർ.എസ്. വാർഡന്മാരുടെ നിയമനരീതി, യോഗ്യത എന്നിവ നിശ്ചയിച്ച് ഉത്തരവാകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എം.ആർ.എസ്.കളിൽ നിയമിക്കപ്പെടുന്ന വാർഡന്മാർ ജോലിഭാരം ഭയന്ന് അവിടംവിട്ട് പോകുന്ന സാഹചര്യം ഒഴിവാകുന്നതാണ്.

ഖണ്ഡിക നമ്പർ 42

കന്നഡ ഭാഷാ അദ്ധ്യാപകന്റെ നിറുത്തലാക്കിയ തസ്തിക പുനഃസ്ഥാപിക്കണമെന്നും യോഗ്യതയുള്ള അദ്ധ്യാപകനെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(23-6-2010-ലെ 12765/ഡി1/07/പജപവവിവ. നമ്പർ കത്ത് പ്രകാരം)

നൂൽപ്പുഴ, രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ മലയാളം മീഡിയം വിദ്യാഭ്യാസവുമായി ഇഴുകിച്ചേർന്ന് മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്. താമസം, ഭക്ഷണം, ആരോഗ്യം ഇവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പഠനാനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വാർഡനു കഴിയുന്ന സാഹചര്യത്തിൽ പാഠ്യപദ്ധതിയുമായി ഒരു തലത്തിലും ബന്ധമില്ലാത്ത കന്നഡ അദ്ധ്യാപകനെ നിയോഗിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

ഖണ്ഡിക നമ്പർ 43

എം.ആർ. സ്കൂളിൽ നിന്നും ഒരു കുട്ടി ചാടിപ്പോയ വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും അതിനുള്ള സാഹചര്യത്തെക്കുറിച്ച് ആരായുകയും ചെയ്തിരുന്നു. മേലിൽ ഇത്തരം സംഭവം ഉണ്ടാകാതിരിക്കാൻ കരുതൽ നടപടികൾ സ്വീകരിക്കണമെന്നും ചാടിപ്പോയ കുട്ടിയുടെ പുനഃപ്രവേശനം അനുഭാവപൂർവ്വം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

മോഡൽ റസിഡൻഷ്യൽ സ്കൂൾ വിട്ടു പോകുന്ന കുട്ടികളെ അപ്പപ്പോൾ സ്ഥാപനത്തിൽ തിരികെ കൊണ്ടുവരുന്നതിനും തുടർ പഠനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 44

## ഗവൺമെന്റ് പ്രീ മെട്രിക് ഹോസ്റ്റൽ, വൈത്തിരി (ആൺകുട്ടികൾ)

ഹോസ്റ്റൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ജനാലകൾ, തടി ഉപയോഗിച്ച് നിർമ്മിക്കണമെന്നും ഹോസ്റ്റൽ വാർഡൻ തസ്തികയിലെ ഒഴിവിൽ അടിയന്തരമായി നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന വൈത്തിരി പ്രീ മെട്രിക് ഹോസ്റ്റലിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കിച്ചൺ, ടോയ്‌ലെറ്റ്, ഡൈനിംഗ് ഹാൾ, അന്തേവാസികളുടെ പഠനമുറി എന്നിവയെല്ലാം ടൈൽസ് പതിക്കുകയും കൂടുതൽ നല്ല നിലവാരത്തിലാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ അന്തേവാസികൾക്കും റബ്കോ ഫോം ബെഡ്, കമ്പിളി, സ്വെറ്റർ, പില്ലോ, പില്ലോ കവർ എന്നിവ വിതരണം നടത്തിയിട്ടുണ്ട്. ഹോസ്റ്റലിലെ ജനലുകൾ പൂർണ്ണമായും അലുമിനിയം ഫാബ്രിക്കേഷനോടുകൂടി ചില്ലുകൾ ഇട്ട് മെച്ചപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിനാവശ്യമായ അരി, സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം റേഷൻകടയിൽ നിന്നാണ് എടുക്കുന്നത്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സഹകരണ സൂപ്പർ മാർക്കറ്റിൽ നിന്നും അരിയുൾപ്പെടെയുള്ള പലചരക്ക് സാധനങ്ങൾ വാങ്ങുന്നതിന് വ്യക്തമായ നിർദ്ദേശം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഹോസ്റ്റൽ പരിസരം ഹോസ്റ്റൽ സ്വീപ്പർ എല്ലാ ദിവസവും പ്രത്യേകം ജോലിക്കാരെ നിയോഗിച്ച് എല്ലാ ആഴ്ചയിലും വൃത്തിയാക്കുകയും മാലിന്യമുക്തമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത കൃത്യം മുടങ്ങാതെ ചെയ്യുന്നതിന് ആവശ്യമായ കർശന നിർദ്ദേശം ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും/ഹോസ്റ്റൽ വാർഡനും നൽകിയിട്ടുണ്ട്. ഇപ്പോൾ ഇറിടെ പി.എസ്.സി.യിൽ നിന്നും ഒരു വാർഡനെ സ്ഥിരമായി നിയമിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 45

## പ്രീ മെട്രിക് ഹോസ്റ്റൽ, പനമരം (ആൺകുട്ടികൾ)

ഹോസ്റ്റലിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഹോസ്റ്റൽ സന്ദർശിക്കുന്നത് നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമിതി ശിപാർശ ചെയ്ത പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഹോസ്റ്റൽ സന്ദർശിച്ച് സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നുണ്ട്.

ഖണ്ഡിക നമ്പർ 47

## ഗവൺമെന്റ് ആശ്രമം സ്കൂൾ, തിരുനെല്ലി

സ്കൂൾ കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം കണ്ടെത്തി അടിയന്തര നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് മാനന്തവാടി പ്രിയദർശിനി തേയിലത്തോട്ടത്തിലെ മക്കി എസ്റ്റേറ്റിൽ നിന്നും 10 ഏക്കർ സ്ഥലം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഖണ്ഡിക നമ്പർ 48

## പ്രീ മെട്രിക് ഹോസ്റ്റൽ, മാനന്തവാടി (പെൺകുട്ടികൾ)

കക്കൂസുകൾ എല്ലാം അടിയന്തരമായി ഉപയോഗയോഗ്യമാക്കണമെന്നും കുട്ടികൾ ഉറങ്ങുന്ന ഹാളിൽ നിർബന്ധമായും പ്രകാശിക്കുന്ന ബൾബുകൾ തന്നെ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. വാർഡന്റെ തസ്തികയിൽ ഉടൻ തന്നെ നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

മാനന്തവാടി പ്രീ മെട്രിക് ഹോസ്റ്റലിലെ കക്കൂസുകൾ ഉപയോഗയോഗ്യമാക്കുകയും ബൾബുകൾ മാറ്റിസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വാർഡനെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 50, 51

## പ്രീ മെട്രിക് ഹോസ്റ്റൽ, കല്ലൂർ (ആൺകുട്ടികൾ)

ഓണം അവധി കഴിഞ്ഞ് കുടിവിട്ട് മടങ്ങിവരാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതിന് വാർഡൻ മുൻകയ്യെടുക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും മെനു അനുസരിച്ചുള്ള ഭക്ഷണം കുട്ടികൾക്ക് നൽകണമെന്നും ഡോക്ടറുടെ സേവനം ഹോസ്റ്റലിൽ ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പ്രീ മെട്രിക് ഹോസ്റ്റൽ, കല്ലൂർ (ആൺകുട്ടികൾ) നിലവിൽ പ്രവർത്തിക്കുന്നില്ല. ഈ ഹോസ്റ്റൽ ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ പരിധിയിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 53

**പ്രീ മെട്രിക് ഹോസ്റ്റൽ, കാവുമന്ദം (പെൺകുട്ടികൾ)**

പഠനമുറികളിൽ ആവശ്യമായ ബൾബ് ഇടുന്നതിനും ടി.വി., കമ്പ്യൂട്ടർ എന്നിവ ഹോസ്റ്റലിൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. കുട്ടികൾക്കുള്ള ഗ്രാന്റ് 500 രൂപയിൽനിന്നും 700 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവി. നമ്പർ കത്ത് പ്രകാരം)

കാവുമന്ദം പ്രീ മെട്രിക് ഹോസ്റ്റലിൽ തടിപ്പെട്ടിക്ക് പകരം ക്യാൻവാസ് പെട്ടി നൽകിയിട്ടുണ്ട്. പഠന മുറിയിൽ ആവശ്യത്തിന് ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിൽ ടെലിവിഷൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്കുള്ള ഭക്ഷണച്ചെലവ് എസ്. എസ്.എൽ. സി. വരെ 1,300 രൂപയായും, പ്ലസ് ടു തലത്തിൽ 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 54

**പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, പിണങ്ങോട് (ആൺകുട്ടികൾ)**

പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവി. നമ്പർ കത്ത് പ്രകാരം)

പിണങ്ങോട് പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഖണ്ഡിക നമ്പർ 55

**പ്രീ മെട്രിക് ഹോസ്റ്റൽ, മേപ്പാടി (ആൺകുട്ടികൾ)**

ഡ്രെയിനേജ് വെള്ളം ലീക്കുചെയ്യുന്നത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. കുട്ടികൾക്ക് നൽകിയിട്ടുള്ള തകരപ്പെട്ടികൾ മാറ്റി തടിപ്പെട്ടികൾ നൽകാനും ടി.വി., കമ്പ്യൂട്ടർ എന്നിവ ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു. കുട്ടികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ ഡോക്ടർ ഹോസ്റ്റൽ സന്ദർശനം നടത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കുട്ടികളിൽ പോഷകാഹാര കുറവുള്ളതായി കാണപ്പെട്ടതിനെക്കുറിച്ച് സമിതി വിശദാംശം ആരാഞ്ഞു. കുട്ടികളുടെ മുടി യഥാസമയം വെട്ടിക്കുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

മേപ്പാടി പ്രീ മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് തകരപ്പെട്ടികൾ മാറ്റി പകരം ക്യാൻവാസ് ബോക്സ് വിതരണം ചെയ്തിട്ടുണ്ട്. തടിപ്പെട്ടികൾ നൽകുന്നതിന് കൂടുതൽ വിലയാകും എന്നതിനാലും പെട്ടികൾ നൽകുന്നതിന് ഓരോ അന്തേവാസികൾക്കും അനുവദനീയമായ നിരക്ക് 150 രൂപയാണ് എന്നതിനാലുമാണ് ക്യാൻവാസ് ബോക്സുകൾ വിതരണം ചെയ്തത്. ഹോസ്റ്റലിൽ 2006-07 വർഷം ടി.വി. വിതരണം ചെയ്തിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിന് ഹോസ്റ്റലിന് സമീപത്ത് ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ, ഡോക്ടർമാർ ഹോസ്റ്റലിൽ വന്നും പരിശോധന നടത്താറുണ്ട്. കുട്ടികളുടെ മുടി വെട്ടുന്നതിന് ഒരാളെ ചുമതലപ്പെടുത്തുകയും ടിയാൾ ഹോസ്റ്റലിൽവന്ന് മുടി വെട്ടുകയാണ് ചെയ്യാറുള്ളതെന്നും അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 56

**പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, അഞ്ചുകുന്ന് (ആൺകുട്ടികൾ)**

കുട്ടികളുടെ പഠന സൗകര്യാർത്ഥം വൈദ്യുതി വിളക്കുകൾ സ്ഥാപിക്കാനും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു. കുട്ടികളുടെ ആവശ്യാർത്ഥം നൽകിയിട്ടുള്ള തകരപ്പെട്ടികൾ ഉപയോഗശൂന്യമായി കണ്ട സമിതി, തടിപ്പെട്ടി വിതരണം നടത്താൻ ശിപാർശ ചെയ്യുന്നു. ടി.വി.യും കമ്പ്യൂട്ടറും കുട്ടികളുടെ ആവശ്യാർത്ഥം സ്ഥാപിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. ആഴ്ചതോറും കുട്ടികളുടെ ആരോഗ്യസ്ഥിതി നിരീക്ഷിക്കാൻ ഡോക്ടറുടെ ഹോസ്റ്റൽ സന്ദർശനം ഏർപ്പാടാക്കണ മെന്നും കുട്ടികളിൽ കാണപ്പെട്ട പോഷകാഹാരക്കുറവ് പ്രത്യേകം നിരീക്ഷണ വിധേയ മാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം ഹോസ്റ്റൽ പ്രവർത്തനം മുടങ്ങാതിരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രവർത്തനരഹിതമായ മോട്ടോർ പമ്പ്, ടി.വി. എന്നിവ നന്നാക്കി ഉപയോഗ പ്രദമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജപവവിവ. നമ്പർ കത്ത് പ്രകാരം)

മാനന്തവാടി അഞ്ചുകുന്ന് പ്രീ മെട്രിക് ഹോസ്റ്റലിൽ വയറിംഗ് തകരാറുകൾ പരിഹരി ക്കുകയും കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ വെളിച്ചം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വൈദ്യുതി ഇല്ലാത്ത സമയത്ത് കുട്ടികളുടെ പഠനാവശ്യത്തിന് വെളിച്ചം ലഭ്യമാക്കു ന്നതിനായി ഇൻവർട്ടർ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്ക് കുടിക്കുന്നതിന് തിളപ്പിച്ചാറ്റിയ വെള്ളമാണ് നൽകുന്നത്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിണറിന്റെ ആഴം കൂട്ടുകയും പുതിയ ഇലക്ട്രിക് മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലിലെ ലാട്രിൻ ബ്ലോക്കായത് പരിഹരിക്കുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് റെക്സിൻ ബോക്സുകൾ വാങ്ങി നൽകിയിട്ടുണ്ട്. കുട്ടികളുടെ ആവശ്യത്തിനായി

പുതിയ ടി.വി.യും കമ്പ്യൂട്ടറും സ്ഥാപിച്ചിട്ടുണ്ട്. മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേടായിരുന്ന ഡീസൽ മോട്ടോർ പമ്പ് ഉപയോഗക്ഷമമാക്കിയിട്ടുണ്ട്. മെനു പ്രകാരം ഭക്ഷണം നൽകുന്നുണ്ട്. കുട്ടികളിൽ പോഷകാഹാരക്കുറവ് സംബന്ധിച്ച് മെഡിക്കൽ ക്യാമ്പുകളിൽ ഡോക്ടർ നിർദ്ദേശിക്കും പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 57

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, കല്ലോടി (ആൺകുട്ടികൾ)

വൈദ്യുതി ബൾബുകൾ മാറ്റിയിടാനും കുട്ടികൾക്ക് നൽകിയിട്ടുള്ള തകരപ്പെട്ടികൾ മാറ്റി തടിപ്പെട്ടികൾ ലഭ്യമാക്കാനും ടി.വി., കമ്പ്യൂട്ടർ എന്നിവ സ്ഥാപിക്കാനും ആഴ്ചതോറും വൈദ്യപരിശോധന നടത്താനും സമിതി ശിപാർശ ചെയ്യുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകണമെന്നും ഹോസ്റ്റലിന്റെ മുകളിലത്തെ നിലയിൽ നിന്നും മെസ് ഹാളിലേക്ക് വരുന്ന പടികളിൽ കൈവരി കെട്ടുന്നതിന് കെട്ടിട ഉടമയോട് ആവശ്യപ്പെട്ടുവാനും സമിതി ശക്തമായി നിർദ്ദേശിക്കുന്നു. ഹോസ്റ്റലിലെ വാർഡൻ തസ്തിക നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം)

കല്ലോടി പ്രീ മെട്രിക് ഹോസ്റ്റൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മെസ് ഹാളിലേക്ക് വരുന്ന പടികളിൽ കൈവരി കെട്ടുന്നതിന് കെട്ടിട ഉടമയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്യാൻവാസ് പെട്ടികൾ വിതരണം ചെയ്യുകയും ടെലിവിഷൻ, കമ്പ്യൂട്ടർ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്തയയ്ക്കുകയും ആയതു പ്രകാരം എല്ലാ മാസവും ഓരോ ദിവസംവീതം മെഡിക്കൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. വാർഡൻ നിയമനം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 58

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, വഞ്ഞോട് (ആൺകുട്ടികൾ)

ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ഇപ്പോഴുള്ള പോരായ്മകൾ പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഹോസ്റ്റലിൽ വൈദ്യുതി വിളക്കുകൾ ഉപയോഗപ്രദമാക്കി പ്രവർത്തനസജ്ജമാക്കണമെന്നും കുടിവെള്ള ദൗർലഭ്യം പരിഹരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം)

വഞ്ഞോട് പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തവിഞ്ഞാൽ പഞ്ചായത്തിൽ സ്ഥലം കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിൽ വൈദ്യുതി വിളക്കുകൾ ലഭ്യമാക്കുകയും കുടിവെള്ളപ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡിക നമ്പർ 59

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, പള്ളിക്കൽ (ആൺകുട്ടികൾ)

ഹോസ്റ്റലിൽ ടി.വി., കമ്പ്യൂട്ടർ എന്നിവ സ്ഥാപിക്കണമെന്നും പോഷകാഹാര കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും ഡോക്ടർ സന്ദർശനം ആഴ്ചതോറും നടത്തേണ്ടതുണ്ടെന്നും സമിതി നിർദ്ദേശിക്കുന്നു. ഒഴിവുള്ള വാർഡൻ തസ്തികയിൽ സ്ഥിരനിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പള്ളിക്കൽ പ്രീ മെട്രിക് ഹോസ്റ്റൽ നിർത്തലാക്കുകയും പനമരത്ത് പെൺകുട്ടികൾക്കായി സ്വന്തം കെട്ടിടത്തിൽ പ്രീ മെട്രിക് ഹോസ്റ്റൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡിക നമ്പർ 60

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, എള്ളുമന്ദം (പെൺകുട്ടികൾ)

ഹോസ്റ്റലിൽ ആവശ്യമായ വൈദ്യുതി ബൾബുകൾ ലഭ്യമാക്കണമെന്നും, തകരാറിലായ കക്കൂസുകൾ അടിയന്തരമായി നന്നാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കുട്ടികൾക്ക് തടിപ്പെട്ടികൾ ലഭ്യമാക്കണമെന്നും, ടി.വി.യും കമ്പ്യൂട്ടറും നൽകണമെന്നും ആഴ്ചതോറും വൈദ്യപരിശോധന നിർബന്ധമായും നടപ്പാക്കണമെന്നും പരിസര ശുചീകരണം വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷന് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മാനന്തവാടി എള്ളുമന്ദം പ്രീ മെട്രിക് ഹോസ്റ്റലിൽ 60 കുട്ടികൾക്കാണ് പ്രവേശനാനുമതി ഉള്ളതെങ്കിലും നിലവിൽ 72 കുട്ടികൾ താമസിച്ച് പഠിക്കുന്നുണ്ട്. ഹോസ്റ്റലിന്റെ അറ്റകുറ്റ പണികൾ നടത്തുകയും ഇലക്ട്രിക്കൽ റീവയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഹോസ്റ്റലിൽ മതിയായ വെളിച്ചം ലഭ്യമാക്കുന്നതിനാവശ്യമായ ട്യൂബ്‌ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി ഇല്ലാത്ത സമയത്ത് ബദൽ സംവിധാനമായി ഇൻവർട്ടർ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെ പരിസരം വൃത്തിയാക്കുകയും ബ്ലോക്കായ കക്കൂസുകൾ മുഴുവൻ നന്നാക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് റെക്സിൻ ബോക്സുകൾ വിതരണം ചെയ്തിട്ടുണ്ട്. ഹോസ്റ്റലിലേക്ക് പുതിയ ടി.വി.യും കമ്പ്യൂട്ടറും വാങ്ങി നൽകിയിട്ടുണ്ട്. ഓരോ മാസവും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ മാനന്തവാടി ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തുന്ന ഡോക്ടറുടെ നിർദ്ദേശാനുസരണം പോഷകാഹാരക്കുറവുള്ള കുട്ടികളുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 61

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, എള്ളുമന്ദം (ആൺകുട്ടികൾ)

ഹോസ്റ്റലിന്റെ ഈ പരിതാപകരമായ അവസ്ഥയ്ക്ക് ഉടൻ പരിഹാരം കാണണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ മറ്റൊരു സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് അടിയന്തരമായി ഹോസ്റ്റൽ മാറ്റുന്നതിനും, ഇപ്പോഴുള്ള പോരായ്മകൾ പരിഹരിച്ച് കുട്ടികളുടെ പഠനത്തിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

എള്ളുമന്ദം പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിൽ അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 62

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, പെരുവക (ആൺകുട്ടികൾ)

ഹോസ്റ്റലിൽ ആവശ്യത്തിന് ബൾബുകൾ ഇല്ല എന്നും കുടിവെള്ള ദൗർലഭ്യം ഉള്ളതായും കണ്ടു. ഇവ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു. ടി.വി., കമ്പ്യൂട്ടർ എന്നിവ സ്ഥാപിക്കുന്നതിനും ആഴ്ചതോറും ഡോക്ടർ ഹോസ്റ്റൽ സന്ദർശനം നിർബന്ധമായും നടത്തണമെന്നും പോഷകാഹാരക്കുറവ് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സ്കൂളിൽ നിന്ന് 3 കിലോമീറ്റർ അകലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഹോസ്റ്റൽ സ്കൂളിനടുത്തേക്ക് മാറ്റുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി എടുക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പെരുവക പ്രീ മെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടെലിവിഷനും കമ്പ്യൂട്ടറും സ്ഥാപിച്ചിട്ടുണ്ട്. മെഡിക്കൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 64

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, കാട്ടിക്കുളം (ആൺകുട്ടികൾ)

ഹോസ്റ്റലിലെ വൈദ്യുതി വയറിംഗിലെ തകരാറുകൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) ശുഷ്കാന്തിയോടെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കാട്ടിക്കുളം പ്രീ മെട്രിക് ഹോസ്റ്റലിൽ വൈദ്യുതി വയറിംഗ് തകരാറുകൾ പരിഹരിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 65</u>

**പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, മുള്ളൻകൊല്ലി (ആൺകുട്ടികൾ)**

വൈദ്യുതി ബൾബുകൾ മാറ്റിയിടാനും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും, കുട്ടികളുടെ ആവശ്യത്തിന് നൽകിവരുന്ന ഇരുമ്പ്പെട്ടികൾ മാറ്റി തടിപ്പെട്ടികളാക്കാനും, ആഴ്ചതോറും കുട്ടികൾക്ക് നിർബന്ധമായും വൈദ്യപരിശോധന നടത്താനും പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഇക്കൊല്ലം കമ്പിളി നൽകിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ട സമിതി, കമ്പിളി അടിയന്തര മായി നൽകുന്നതിന് നിർദ്ദേശിച്ചു. ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മുള്ളൻകൊല്ലി പ്രീ മെട്രിക് ഹോസ്റ്റലിൽ പുതിയ കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ, ആവശ്യത്തിന് ബൾബുകൾ മാറ്റിയിട്ട് വെളിച്ചം ഉറപ്പാക്കിയിട്ടുണ്ട്. പുൽപ്പള്ളി പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നും മെഡിക്കൽ ടീം കുട്ടികളെ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ, ഹോസ്റ്റൽ അന്തേവാസി കൾക്ക് പുതിയ മെനു നടപ്പിലാക്കുകയും ഭക്ഷണ നിരക്ക് 1,300 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്ത് കുട്ടികൾക്ക് പോഷകാഹാരക്കുറവില്ലായെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഹോസ്റ്റലിനു വേണ്ടി മുള്ളൻകൊല്ലിയിൽ വാങ്ങിയ സ്ഥലത്ത് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു. കുട്ടികൾക്ക് കമ്പിളി വാങ്ങി നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 66</u>

**പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, കാപ്പിസെറ്റ്, പുൽപ്പള്ളി (ആൺകുട്ടികൾ)**

ഈ ഹോസ്റ്റലിൽ അനുവദനീയമായ 40-ൽ ഒരു കുട്ടിയുടെ കുറവുണ്ടെന്ന് സമിതി കാണുകയും കുട്ടികൾക്കുള്ള പോക്കറ്റ് മണി യഥാസമയം ലഭിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. മേൽ സ്ഥിതി പരിഹരിക്കുന്നതിനും വാർഡന്റെ ഒഴിവ് നികത്തുന്നതിനും സമിതി നിർദ്ദേശിക്കുന്നു. 12 വർഷമായി മൂന്ന് ഗവൺമെന്റ് ക്വാർട്ടേഴ്സുകളിലായി അസൗകര്യത്തോടെ പ്രവർത്തിക്കുന്ന ഈ ഹോസ്റ്റൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ഹോസ്റ്റലിനുവേണ്ടി ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയ

സ്വകാര്യ വ്യക്തിയുടെ സ്ഥലം സമിതി സന്ദർശിച്ചു. പ്രസ്തുത സ്ഥലം റവന്യൂ അധികൃതർ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ട്രൈബൽ ഡിപ്പാർട്ട്മെന്റ് കൊടുത്തിട്ടുള്ളതായി സമിതി മുമ്പാകെ ബന്ധപ്പെട്ടവർ വെളിപ്പെടുത്തി. ഇത് സംബന്ധിച്ച് വിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സ്ഥലം നൽകാൻ താല്പര്യമുള്ളവരിൽ നിന്നും സൗകര്യപ്രദമായ സ്ഥലം വാങ്ങുന്നതിന്റെ നടപടി ത്വരിതപ്പെടുത്തി കെട്ടിടനിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പൂൽപ്പള്ളി ഹോസ്റ്റലിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലിൽ വാർഡനെ നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറയാതെ നോക്കുന്നുണ്ട്.

ഖണ്ഡിക നമ്പർ 67 & 68

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, വേലിയമ്പം (പെൺകുട്ടികൾ)

വൈദ്യുതി ബൾബുകൾ പ്രകാശിക്കാതിരിക്കുന്നതും കുടിവെള്ളം ലഭ്യമല്ലാത്തതും ഉപയോഗശൂന്യമായ ഇരുമ്പ്പെട്ടികൾ കുട്ടികളുടെ ഉപയോഗത്തിലുള്ളതും ടി.വി, കമ്പ്യൂട്ടർ എന്നിവയുടെ ആവശ്യകതയും ആഴ്ചയിലൊരിക്കൽ കുട്ടികൾക്ക് വൈദ്യപരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയും പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതിന്റെ അനിവാര്യതയും സമിതിക്ക് ബോദ്ധ്യപ്പെടുകയും ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. പുതിയ ടി. വി. നൽകണമെന്നും ട്യൂഷൻ എടുക്കുന്നതിന് കൂടുതൽ ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കണമെന്നും കുട്ടികൾ ആവശ്യപ്പെട്ടു. ഇവ പരിഹരിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുട്ടികളുടെ എണ്ണം 8-ൽ നിന്നും 100 ആയി വർദ്ധിപ്പിച്ചതിനാൽ ഒരു കുക്ക് കൂടി വേണമെന്നും, പുതിയ ടി.വി. നൽകണമെന്നും, ട്യൂഷൻ എടുക്കുന്നതിന് കൂടുതൽ ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കണമെന്നും കുട്ടികൾ ആവശ്യപ്പെട്ടു. ഇവ പരിഹരിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

വേലിയമ്പം പ്രീ മെട്രിക് ഹോസ്റ്റലിൽ അനുവദനീയമായ കുട്ടികളുടെ എണ്ണം 80 ആണ്. എന്നാൽ, കൂടുതൽ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടെ 100 കുട്ടികളെ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയാണുണ്ടായത്. നിലവിൽ ഈ ഹോസ്റ്റലിൽ 96 കുട്ടികൾ താമസിച്ചു വരുന്നുണ്ട്. വേലിയമ്പം ഹോസ്റ്റലിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇപ്പോൾ

ഹോസ്റ്റലിന് സമീപം വയലിൽ ഒരു കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ മെനു പുതുക്കിയതോടെ പോഷകാഹാരക്കുറവില്ലായെന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. ഹോസ്റ്റലിൽ കമ്പ്യൂട്ടർ ഇല്ലാത്ത സാഹചര്യത്തിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ഹോസ്റ്റൽ അന്തേവാസികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലിൽ പാർട്ട്ടൈം ട്യൂട്ടറെ നിയമിച്ചിട്ടുണ്ട്. പുതിയ ടി.വി.യും ഡിഷ് ആന്റിനയും വാങ്ങി നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 69

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, വാകേരി (ആൺകുട്ടികൾ)

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഹോസ്റ്റലിൽ അനുവദനീയമായ 30 കുട്ടികൾ ഉണ്ടെന്ന് സമിതി സന്ദർശനത്തിൽ ബോദ്ധ്യപ്പെട്ടു. മെയിൻഹാളിൽ മാസങ്ങളായി കിടന്നിരുന്ന ചാക്കുകൾ അവിടെ നിന്നുമാറ്റി ഹാൾ വൃത്തിയാക്കുവാൻ വാർഡന് നിർദ്ദേശം കൊടുത്തു. പരിസരം വൃത്തിഹീനമാണ്. അലങ്കോലമായി കിടക്കുന്ന വസ്ത്രങ്ങളും പുസ്തകങ്ങളും റൂമുകളിൽ അടുക്കും ചിട്ടയുമായി വയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഹോസ്റ്റലിന്റെ നടത്തിപ്പിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തി. എല്ലാ ഹാളിലും കത്തുന്ന ബൾബുകൾ സ്ഥാപിക്കുന്നതിനും കുളിമുറി, കക്കൂസ് എന്നിവയിലെ നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും ഹോസ്റ്റലും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. തടിപ്പെട്ടികൾ കുട്ടികൾക്ക് നൽകാനും ശുദ്ധജല വിതരണം ഏർപ്പെടുത്താനും കമ്പ്യൂട്ടർ സ്ഥാപിക്കാനും ആഴ്ചതോറും വൈദ്യപരിശോധനയ്ക്ക് കുട്ടികളെ വിധേയരാക്കാനും പോഷകാഹാര കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകാനും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഹോസ്റ്റൽ കെട്ടിടവും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നുണ്ട്. ആവശ്യത്തിന് സി.എഫ്.എൽ., ഇലക്ട്രോണിക് ട്യൂബുകൾ എന്നിവ സ്ഥാപിച്ച് വെളിച്ചം ഉറപ്പാക്കിയിട്ടുണ്ട്. അടുത്തകാലത്ത് നിർമ്മിച്ച കുഴൽക്കിണറിൽ നിന്നും നിലവിലുള്ള കിണറിൽ നിന്നുമായി ആവശ്യത്തിന് ജലം ലഭിക്കുന്നുണ്ട്. കുട്ടികളിൽ പോഷകാഹാരക്കുറവില്ലായെന്ന് ഉറപ്പാക്കിയിട്ടുണ്ട്. മാത്രമല്ല, പ്രൈമറി ഹെൽത്ത് സെന്ററിൽനിന്നും മെഡിക്കൽ ടീം ഹോസ്റ്റൽ സന്ദർശിച്ച് വൈദ്യപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഹോസ്റ്റലിൽ കമ്പ്യൂട്ടർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ഹോസ്റ്റൽ അന്തേവാസികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 70

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, മട്ടപ്പാറ (പെൺകുട്ടികൾ)

ഹോസ്റ്റലിൽനിന്നും ദൂരെ സ്ഥിതിചെയ്യുന്ന ലാട്രിൻ ഹോസ്റ്റലിന് സമീപം സ്ഥാപിക്കണമെന്നും, കുഴൽകിണർ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്നും,

ഹോസ്റ്റലിന് കോമ്പൗണ്ട് വാൾ വേണമെന്നും ഹാളിൽ കത്തുന്ന ബൾബുകൾ സ്ഥാപിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഒരു കുക്ക് മാത്രമുള്ള ഇവിടെ ഒരു കുക്കിനെക്കൂടി നിയമിക്കുന്നതിനും, കുട്ടികൾക്ക് ടി.വി. നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മട്ടപ്പാറ ഹോസ്റ്റലിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി ആവശ്യത്തിന് ജലം ലഭിക്കുന്നുണ്ട്. ഇപ്പോൾ കുടിവെള്ള പ്രശ്നമില്ല. ഹോസ്റ്റലിലെ കുട്ടികൾ രാത്രി കാലങ്ങളിൽ കെട്ടിടത്തിനകത്തുള്ള ടോയ്‌ലെറ്റാണ് ഉപയോഗിക്കുന്നത്. പകൽ തിരക്കുള്ള സമയത്ത് മാത്രമേ പുറത്തു ടോയ്‌ലെറ്റുകൾ ഉപയോഗിക്കാറുള്ളൂ. ഹോസ്റ്റലിന് ചുറ്റുമതിൽ നിർമ്മാണം നടന്നുവരുന്നു.

ഖണ്ഡിക നമ്പർ 71

## പ്രീ മെട്രിക് ഹോസ്റ്റൽ, വട്ടവൻചാൽ (ആൺകുട്ടികൾ)

ചിങ്ങേരി കോളനിയിൽ സ്ഥിതി ചെയ്യുന്ന ഈ ഹോസ്റ്റൽ പ്രവർത്തിക്കുന്നത് ഡിപ്പാർട്ട്മെന്റ് വക ട്രെയിനിംഗ് സെന്ററിൽ ആണ്. 40 കുട്ടികളുടെ സ്ട്രെംഗ്ത് ഉള്ള ഇവിടെ ഇപ്പോൾ 24 കുട്ടികൾ മാത്രം ഉള്ളതായി സമിതി സന്ദർശനത്തിൽ ബോദ്ധ്യപ്പെട്ടു. സ്കൂൾ ദൂരെ ആയതിനാൽ ഉച്ചഭക്ഷണം കുറച്ചു കുട്ടികൾ രാവിലെ തന്നെ കൊണ്ടുപോകുന്ന തായും കുറച്ചുപേർ ഭക്ഷണം കൊണ്ടു പോകാതിരിക്കുന്നതായും സമിതിയുടെ ശ്രദ്ധയിൽ പ്പെട്ടു. ഹോസ്റ്റലിലുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

അന്തേവാസികളായ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം സ്കൂളിൽ പോകുന്ന അവസര ത്തിൽ കൊടുത്തു വിടുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 72

## പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ, വട്ടവൻചാൽ (ആൺകുട്ടികൾ)

സ്കൂളിനടുത്തായി ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം പൂർത്തിയാക്കിയ ഹോസ്റ്റൽ കെട്ടിടത്തിന് വൈദ്യുതി, കുടിവെള്ളം എന്നിവ അടിയന്തരമായി ലഭ്യമാക്കി ഇപ്പോഴത്തെ ഹോസ്റ്റൽ അവിടേക്ക് മാറ്റണമെന്നും പ്രസ്തുത കെട്ടിടത്തിന് കോമ്പൗണ്ട്‌വാൾ നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്ന പുതിയ കെട്ടിടം പൂർത്തിയാകുന്നമുറയ്ക്ക് ഹോസ്റ്റൽ ഈ കെട്ടിടത്തിലേക്ക മാറ്റുന്നതാണ്.

ഖണ്ഡിക നമ്പർ 73

## പ്രീ മെട്രിക് ഹോസ്റ്റൽ, അമ്പലവയൽ (പെൺകുട്ടികൾ)

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന്റെ കോമ്പൗണ്ട് വാൾ പൊളിഞ്ഞത് നന്നാക്കണമെന്നും ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് മൊത്തത്തിൽ മാറ്റി പണിയണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വാർഡന്റെ തസ്തിക നികത്തണമെന്നും കുടിവെള്ള ദൗർലഭ്യം പരിഹരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. 10-ാം തരം വരെയുള്ള കുട്ടികൾ താമസിക്കുന്ന ഇവിടെ കമ്പ്യൂട്ടർ, ട്യൂഷൻ എന്നിവ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

അമ്പലവയൽ പ്രീ മെട്രിക് ഹോസ്റ്റൽ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ചുറ്റുമതിൽ പുതുക്കിപ്പണിതിട്ടുണ്ട്. ഹോസ്റ്റലിൽ പാർട്ട്-ടൈം ട്യൂട്ടറെ നിയമിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ഹോസ്റ്റൽ അന്തേവാസികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 74 & 75

## പ്രീ മെട്രിക് ഹോസ്റ്റൽ, ആനപ്പാറ (ആൺകുട്ടികൾ)

ഡോക്ടർ ആഴ്ചയിലൊരിക്കൽ നിർബന്ധമായും കുട്ടികളിൽ വൈദ്യപരിശോധന നടത്തണമെന്നും ടി.വി., കമ്പ്യൂട്ടർ എന്നിവ ഹോസ്റ്റലിൽ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വയറിംഗ് സംവിധാനത്തിലും, വൈദ്യുതി ഉപകരണങ്ങളിലും തകരാറ് സംഭവിച്ചതിനെക്കുറിച്ച് ഗൗരവമായി അന്വേഷണം നടത്തണമെന്നും അടിയന്തരമായി ഇത് പരിഹരിക്കാൻ നടപടി എടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വകുപ്പ് കണ്ടെത്തിയ സ്ഥലത്ത് കിണർ കുഴിച്ച് വെള്ളം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(24-12-2009-ലെ 25874/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ആനപ്പാറ പ്രീ മെട്രിക് ഹോസ്റ്റലിൽ കുട്ടികൾക്ക് വൈദ്യപരിശോധന നടത്തി വരുന്നുണ്ട്. ടി.വി. സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിൽ റീവയറിംഗ് നടത്തി വൈദ്യുതി തകരാറ് പരിഹരിച്ചിട്ടുണ്ട്. കുടിവെള്ളത്തിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 76

**ഓടമ്പൻകുന്ന് പണിയ കോളനി**

കോളനിയിൽ ഭവന പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും പ്രത്യേക നടപടി പട്ടിക വിഭാഗ വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കണമെന്നും റേഷൻ കാർഡ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കാർഡ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം)

കല്പറ്റ നഗരസഭാ പരിധിയിലെ ഓടമ്പൻ പണിയ കോളനിയിൽ മൊത്തം 27 കുടുംബത്തിൽ 25 പേർക്ക് സർക്കാർ ധനസഹായം നൽകി നിർമ്മിച്ച വീടുകളുണ്ട്. 2 പേർക്ക് വീടില്ല. 25 വീടുകളിൽ 12 വീടുകൾ കാലപ്പഴക്കത്തിൽ കേടുവന്ന് റിപ്പയർ ചെയ്യേണ്ടതായിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. കല്പറ്റ മുനിസിപ്പാലിറ്റിയുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ഉപയോഗിച്ച് 2 പുതിയ വീടുകൾ നിർമ്മിക്കുന്നതിനും കേടുവന്ന വീടുകൾ റിപ്പയർ ചെയ്യുന്നതിനുമുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് കല്പറ്റ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കോളനിയിൽ 27 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഇപ്പോൾ റേഷൻ കാർഡുകൾ ഉണ്ട്.

ഖണ്ഡിക നമ്പർ 77

**കാട്ടുനായ്ക്കർ കോളനി, പൊൻകുഴി**

കോളനിയിൽ ആന ചവിട്ടിപ്പൊളിച്ച ശ്രീ. ഗോപന്റെ വീട് നന്നാക്കുന്നതിനും കോളനിയിലെ മറ്റ് വീടുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആനശല്യം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നുള്ള കോളനി നിവാസികളുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം)

പൊൻകുഴി കാട്ടുനായ്ക്കർ കോളനിയിൽ ആന ചവിട്ടിപ്പൊളിച്ച വീടിന് പകരമായി ഗ്രാമപഞ്ചായത്തിൽ നിന്നും പുതിയ വീട് അനുവദിച്ചു നൽകിയിട്ടുണ്ട്. പൊൻകുഴി കാട്ടുനായ്ക്കർ കോളനിയിലെ പട്ടികവർഗ്ഗക്കാർ വനവിഭവങ്ങൾ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ആനശല്യം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്.

ഖണ്ഡിക നമ്പർ 78

## പണിയ കോളനി, പൊൻകുഴി

കോളനിയിൽ 13 വീടുകളിലായി 14 കുടുംബങ്ങൾ താമസിക്കുന്നു. കോളനിയിലെ സ്ഥലത്തിന്റെ ഉടമസ്ഥതയെക്കുറിച്ച് അവ്യക്തത നിലനിൽക്കുന്നതായി സന്ദർശന വേളയിൽ സമിതിക്ക് ബോദ്ധ്യപ്പെടുകയും കോളനി നിൽക്കുന്ന സ്ഥലത്തിന്റെ പട്ടയം ഇപ്പോഴത്തെ താമസക്കാരായ പണിയ വിഭാഗത്തിന് നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. കൃഷി ചെയ്യാൻ തൽപ്പരരായ പണിയ വിഭാഗത്തിന് കൃഷിയിടം ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു. പ്രധാന റോഡിൽ നിന്നും വളരെ അകലെയല്ലാത്ത ഈ കോളനിയിൽ വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

(9-9-2005-ലെ 12880/സി1/04/ഊ.വ. നമ്പർ കത്ത് പ്രകാരം)

പൊൻകുഴി, പണിയ കോളനി പി.എം.ജി.വൈ. സ്കീമിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കോളനി വൈദ്യുതീകരിക്കുന്നതിലേക്കായി 3.6 കിലോമീറ്റർ 11 കെ.വി. ലൈനും 925 മീറ്റർ ത്രീഫേസ് ലൈനും 910 മീറ്റർ സിംഗിൾ ഫേസ് ലൈനും വലിക്കേണ്ടതുണ്ട്. ഇതിൽ 60 സർവ്വീസ് കണക്ഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പണി ചെയ്യുന്നതിനായി ടെൻഡർ കൊടുത്ത് ജോലി പുരോഗമിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത് )

പൊൻകുഴി, പണിയ കോളനി നിൽക്കുന്ന സ്ഥലത്തിന്റെ പട്ടയം ഇപ്പോഴത്തെ താമസക്കാരായ പണിയ വിഭാഗത്തിന് നൽകുന്നതിലേക്ക് റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന ഭൂമി കണ്ടെത്തുമ്പോൾ പരിഹരിക്കാൻ കഴിയുന്നതാണ്. കോളനിയിലേക്ക് വൈദ്യുതിലൈൻ വലിക്കുന്ന പ്രവർത്തി നടന്നു വരികയാണ്. കുടിവെള്ളത്തിന് കുഴൽകിണർ ലഭ്യമാണ്. ഭൂമിക്കടിയിൽ പാറയായതിനാൽ കിണർ കുഴിക്കാൻ കഴിയുന്നില്ല. വൈദ്യുതി ലഭ്യമാക്കുന്നതോടൊപ്പം വാട്ടർസപ്ലൈ സ്കീമും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 79

**ആനപ്പന്തി കോളനി, മുത്തങ്ങ**

കോളനിയിലുള്ള 24 വീട്ടുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തണമെന്നും വൈദ്യുതി ലഭ്യമാക്കണമെന്നുമുള്ള കോളനി നിവാസികളുടെ ആവശ്യം ഇക്കോ ഡെവലപ്മെന്റ് നിറവേറ്റണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത് )

മുത്തങ്ങ ആനപ്പന്തി കോളനിയിലെ 24 വീടുകളിൽ പഴയ 21 വീടുകൾക്ക് പകരം പുതിയ വീടുകൾ അനുവദിച്ച നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 3 വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇക്കോ ഡെവലപ്മെന്റ്വഴി സ്വീകരിക്കുന്നതാണ്.

ഖണ്ഡിക നമ്പർ 80

**ആനപ്പന്തി കോളനി, മുത്തങ്ങ**

1992-ൽ വയറിംഗ് ചെയ്തിട്ടും മീറ്റർ ചാർജ് അടയ്ക്കാത്തതിനാൽ കോളനിയിലെ അഞ്ച് വീടുകൾക്ക് വൈദ്യുതി കണക്ഷൻ ഇതുവരെയും ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ഇതിനുള്ള തുക ഇ.ഡി.എസ്. ഫണ്ടിൽ നിന്നും കൊടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി വനം വകുപ്പിനോട് നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(19-4-2006-ലെ 25914/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത് )

1992-ൽ വയറിംഗ് നടത്തിയ 5 വീടുകളിൽ 3 എണ്ണത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 വീടുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിലേക്ക് ലൈൻ വലിക്കുന്നതിന് ആവശ്യമായ ഇലക്ട്രിക് പോസ്റ്റ് എത്തിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഖണ്ഡിക നമ്പർ 83

19-9-2003-ന് സമിതി തിരുനെല്ലിയിലെ ആദിവാസി കേന്ദ്രം സന്ദർശിച്ചപ്പോൾ ഈ പ്രദേശത്തെ പട്ടികവിഭാഗത്തിലുള്ള ഒട്ടനവധി ചെറുപ്പക്കാർ പുറംദേശത്തുള്ള ഹോസ്റ്റലുകളിൽ താമസിച്ച് പഠിച്ച് വിദ്യാഭ്യാസം നേടി തിരികെ വന്ന് തൊഴിലില്ലാതെ അലയുകയാണെന്ന് മനസ്സിലായി. പ്രദേശത്തിന്റെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ വേതനമുള്ള ജോലി ലഭിക്കാനവസരമില്ലെന്നും ഇത് പരിഹരിക്കുന്നതിന് ആശ്വാസ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-1-2010-ലെ 25859/എ 3/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം)

തിരുനെല്ലി പ്രദേശത്തെ പട്ടികവർഗ്ഗ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ തൊഴിലുറപ്പ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയിൽ മേൽപ്പറഞ്ഞ പട്ടികവർഗ്ഗക്കാർക്ക് പരമാവധി പങ്കാളിത്തം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 84

തിരുനെല്ലിയിലുള്ള സംസ്ഥാന ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ള നെയ്ത്ത് ശാലയുടെ പ്രവർത്തനം ആദിവാസി വിഭാഗത്തിന് തുണയായിരുന്നെങ്കിലും ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കാത്തതിനാൽ പട്ടിക വിഭാഗത്തിലെ തൊഴിലാളികൾ മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാതെ വലയുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സ്ഥാപനം പുനരുദ്ധരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-1-2010-ലെ 25859/എ 3/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം)

തിരുനെല്ലിയിൽ പ്രവർത്തിക്കുന്ന നെയ്ത്ത്ശാലയിൽ പട്ടികവർഗ്ഗ വനിതകൾക്ക് വേണ്ടി നെയ്ത്ത് പരിശീലന പരിപാടി പുനരാരംഭിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞവർക്ക് ഈ മേഖലയിൽ തന്നെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗവും ആരാഞ്ഞുവരികയാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ ശിപാർശകൾ

പൊതു ശിപാർശ നമ്പർ 2

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഇപ്പോൾ നൽകിവരുന്ന മാസം തോറുമുള്ള ഗ്രാന്റ് കുട്ടി ഒന്നിന് 500 രൂപ എന്നത് 700 രൂപയായി വർദ്ധിപ്പിക്കണം.

24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ മെസ് ചാർജ് പ്രതിമാസം 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 3

വയനാട് ജില്ലയിൽ ഒഴിവുള്ള ഹോസ്റ്റൽ വാർഡൻ തസ്തികകളിൽ നിയമനം നടത്തണം.

പൊതു ശിപാർശ നമ്പർ 4

വാർഡന്മാർക്ക് പ്രത്യേക പരിശീലനം നിയമന സമയത്തും കാലാകാലങ്ങളിലും നൽകണം.

23-6-2010-ലെ 12765/ഡി1/07/പ.ജ.പ.വ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമാക്കിയ മറുപടി

വയനാട് ജില്ലയിൽ നിലവിലുള്ള എല്ലാ വാർഡൻ തസ്തികയിലെ ഒഴിവുകളും വയനാട് ജില്ലാ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. മദ്ധ്യവേനൽ അവധിക്കാലത്ത് വാർഡന്മാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

പൊതു ശിപാർശ നമ്പർ 5

വാർഡന്മാരുടെ നിയമനം പി.എസ്.സി.യുടെ പ്രത്യേക ലിസ്റ്റിൽ നിന്നും ആകണം.

26-12-2014-ലെ 26638/ഡി1/14/പ.ജ.പ.വ.വിവ.നമ്പർ കത്ത് പ്രകാരം
ലഭ്യമാക്കിയ മറുപടി

ഹോസ്റ്റൽ വാർഡൻ നിയമന രീതിക്കെതിരെ 282/2011 നമ്പർ റിട്ട് അപ്പീലിന്മേലുള്ള 5-11-2013-ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വാർഡൻ തസ്തികയിലെ നിയമന രീതിയിൽ മാറ്റം വരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ആയതിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് വാർഡൻ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതും നിയമനങ്ങൾ നടത്തുന്നതുമാണ്.

പൊതു ശിപാർശ നമ്പർ 6

ഹോസ്റ്റലുകളിലെ വൈദ്യുതി കണക്ഷനുകൾ (വയറിംഗ്) തകരാറിലായത് അടിയന്തരമായി പരിഹരിക്കണം.

24-12-2009-ലെ 25877/ബി2/04/പ.ജ.പ.വ.വിവ. നമ്പർ കത്ത് പ്രകാരം
ലഭിച്ച മറുപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും വൈദ്യുതി തകരാറുകൾ മാറ്റുന്നതിനു സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 7

ഹോസ്റ്റലും പരിസരവും വൃത്തിയായി പരിപാലിക്കുന്നതിന് ജീവനക്കാർ ശ്രദ്ധിക്കണം.

24-12-2009-ലെ 25877/ബി2/04/പ.ജ.പ.വ.വിവ. നമ്പർ കത്ത് പ്രകാരം
ലഭിച്ച മറുപടി

ഹോസ്റ്റൽ ദിവസവും, പരിസരം ആഴ്ചയിലൊരിക്കലും വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശം എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർ/ പട്ടികവർഗ്ഗ വികസന ഓഫീസർമാർ/വാർഡൻമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. നിർദ്ദേശം കൃത്യമായി പാലിക്കാതെ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## പൊതു ശിപാർശ നമ്പർ 8

കുട്ടികളുടെ ഉപയോഗത്തിലുള്ള ഹോസ്റ്റൽ മുറികളിൽ പ്രകാശിക്കുന്ന വൈദ്യുതി ബൾബുകളും ട്യൂബ് ലൈറ്റുകളും ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കണം.

## 24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രീ മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും വൈദ്യുതി ബൾബുകൾ മാറ്റി ട്യൂബുകളും സി.എഫ്.എൽ. ലാമ്പുകളും സ്ഥാപിക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ/പട്ടിക വർഗ്ഗ വികസന ഓഫീസർമാർ, വാർഡൻമാർ എന്നിവർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നിരവധി ഹോസ്റ്റലുകളിൽ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുന്നു.

## പൊതു ശിപാർശ നമ്പർ 9

സാദ്ധ്യമായ രീതിയിൽ ഹോസ്റ്റലുകളിൽ കുടിവെള്ളം ലഭ്യമാക്കണം.

## 26-12-2014-ലെ 26638/ഡി1/14/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൊതു ശിപാർശ നമ്പർ 10

ആഴ്ചതോറും ഡോക്ടർമാർ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തി കുട്ടികളെ പരിശോധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

## 26-12-2014-ലെ 26638/ഡി1/14/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

ഹോസ്റ്റലുകളിൽ കൃത്യമായ ഇടവേളകളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ മേൽനോട്ടത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

## പൊതു ശിപാർശ നമ്പർ 11

പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിഗണന നൽകണം.

## 26-12-2014-ലെ 26638/ഡി1/14/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

മെഡിക്കൽ പരിശോധനകളിൽ പോഷകാഹാരക്കുറവ് കണ്ടെത്തുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകാറുണ്ട്.

## പൊതു ശിപാർശ നമ്പർ 12

ഹോസ്റ്റൽ മെനു പ്രകാരം ഭക്ഷണം നൽകാൻ കർശന നടപടി സ്വീകരിക്കണം.

## 24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിൽ മെനു പ്രകാരമാണ് ഭക്ഷണം നൽകി വരുന്നത്.

പൊതു ശിപാർശ നമ്പർ 13

ഹോസ്റ്റലിലേക്കാവശ്യമായ ഭക്ഷണ സമാഗ്രികൾ വാങ്ങിയ വകയിൽ നൽകാനുള്ള പണം കൊടുത്തുതീർക്കാൻ പ്രത്യേക കർമ്മ-പദ്ധതി ആവിഷ്കരിക്കണം.

24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമായ മറുപടി

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തീർത്തുവരുന്നുണ്ട്.

പൊതു ശിപാർശ നമ്പർ 14

ഹോസ്റ്റലുകളിൽ പ്രവർത്തനയോഗ്യമായ ടി.വി., കമ്പ്യൂട്ടർ എന്നിവ കുട്ടികളുടെ ഉപയോഗത്തിന് ലഭ്യമാക്കുന്നതിനായി സമയബന്ധിതമായ നടപടി സ്വീകരിക്കണം.

24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമായ മറുപടി

ഹോസ്റ്റലുകളിൽ പ്രവർത്തനക്ഷമമായ ടി.വി., കമ്പ്യൂട്ടർ എന്നിവ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. നിലവിലുള്ളവയ്ക്ക് തകരാറ് സംഭവിച്ചാൽ അവ യഥാസമയം റിപ്പയർ ചെയ്യുന്നതിനും ഉപയോഗക്ഷമമാക്കുവാൻ സാധിക്കാത്തവ മാറ്റി സ്ഥാപിക്കുന്നതിനും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 15

ഹോസ്റ്റലുകളിൽ മോട്ടോർ പമ്പ് സംവിധാനം ആവശ്യമുള്ളിടത്ത് അവ സ്ഥാപിക്കാനും പ്രവർത്തനരഹിതമായവ റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമാക്കിയ മറുപടി

മോട്ടോർ പമ്പ് ആവശ്യമായിട്ടുള്ള എല്ലാ പോസ്റ്റ് മെട്രിക്/പ്രീ മെട്രിക് ഹോസ്റ്റലുകൾക്കും ആയത് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. കേടായതും റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തതുമായ മോട്ടോർ പമ്പുകൾ മാറ്റി പുതിയത് വാങ്ങുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 16

ഹോസ്റ്റൽ അന്തേവാസികളായ ആൺകുട്ടികളുടെ മുടി മുറിക്കുന്നതിന് യഥാസമയം ഏർപ്പാടാക്കണം.

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമായ മറുപടി)

നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 17

കുട്ടികളുടെ ഉപയോഗത്തിന് തകരപ്പെട്ടി നൽകുന്ന സമ്പ്രദായം മാറ്റി തടിപ്പെട്ടി നൽകുന്നതിന് നടപടി സ്വീകരിക്കണം.

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി)

തകരപ്പെട്ടിക്ക് പകരം ക്യാൻവാസ് പെട്ടികൾ വിതരണം ചെയ്തിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 18

എല്ലാ ഹോസ്റ്റലുകളിലും എമർജൻസി ലൈറ്റ് ലഭ്യമാക്കണം.

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി)

എമർജൻസി ലാമ്പുകൾ വാങ്ങിയിട്ടില്ലാത്ത എല്ലാ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ആയത് വാങ്ങി വിതരണം നടത്തുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ/വാർഡൻമാർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 19

എല്ലാ ഹോസ്റ്റലുകളിലും ദിനപത്രങ്ങൾ ലഭ്യമാക്കണം.

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി).

നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതു ശിപാർശ നമ്പർ 20

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കണം.

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി)

നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പൊതു ശിപാർശ നമ്പർ 21

ഹോസ്റ്റലുകളിൽ സ്ഥാപിച്ചിരിക്കുന്ന മോട്ടോർ പമ്പുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം പ്രവർത്തനരഹിതമാണ്. ആയതിനാൽ റിപ്പയറിംഗും മെയിന്റനൻസും യഥാസമയം നടത്തി പമ്പുകൾ പ്രവർത്തനസജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(24-12-2009-ലെ 25877/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി)

ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോർ പമ്പുകൾ യഥാസമയം റിപ്പയറിംഗും മെയിന്റനൻസും നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരാറുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ

പട്ടികവിഭാഗത്തിലെ ഭവന നിർമ്മാണ സഹായത്തിന് അർഹരായ അപേക്ഷകർക്കെല്ലാം സഹായത്തിന്റെ ഗഡുക്കൾ യഥാസമയം പൂർണ്ണമായും നൽകുന്നതിൽ തദ്ദേശസ്വയംഭരണ കാര്യാലയങ്ങളിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

(23-7-2007-ലെ 32093/ഡി1/3/05/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

എറണാകുളം, മലപ്പുറം, പത്തനംതിട്ട, തൃശ്ശൂർ, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, വയനാട്, കോഴിക്കോട് എന്നീ ജില്ലാ പഞ്ചായത്തുകളിൽ ട്രഷറിയിൽ ബില്ല് സ്വീകരിക്കുന്നതിലുള്ള നിയന്ത്രണമൊഴിച്ച് മറ്റു യാതൊരുവിധ കാലതാമസവും കൂടാതെ ഭവന നിർമ്മാണ ഗഡുക്കൾ വിതരണം ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ പരിശോധിക്കുന്നതിനും ആയവ എത്രയും പെട്ടെന്ന് പൂർത്തിയാക്കി പണം ചെലവഴിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും ബന്ധപ്പെട്ട ഡിവിഷൻ മെമ്പർമാരുമുൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഹോസ്റ്റൽ കെട്ടിടങ്ങളില്ല.

വയനാട് ജില്ലാ പഞ്ചായത്തിൽ സോളാർ ഉപകരണങ്ങൾ അനെർട്ട് മുഖേന വിതരണം ചെയ്യുകയും വൈദ്യുതി വിച്ഛേദിക്കപ്പെട്ട കോളനികളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പ്രീ മെട്രിക് ഹോസ്റ്റലിന് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തും പുതുനഗരം ഗ്രാമപഞ്ചായത്തും സംയുക്തമായി 8,00,000 (എട്ടു ലക്ഷം) രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, മുണ്ടൂർ പ്രീ മെട്രിക് ഹോസ്റ്റലിന് 25 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുമുണ്ട്.

കൊല്ലം ജില്ലയിലെ ഒരു പ്രീ മെട്രിക് ഹോസ്റ്റൽ മാത്രമാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ആയതിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ ഹോസ്റ്റലുകളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ

(1) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ പ്രൊമോട്ടർമാർക്ക് യഥാസമയം ഓണറേറിയം നൽകാൻ ട്രഷറിയിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കണം.

(2) പട്ടികജാതി/വർഗ്ഗ വകുപ്പുകളുടെ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് എം.ആർ.എസ്. ഹോസ്റ്റലുകളിൽ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് ആവശ്യമായ തുക ട്രഷറി നിയന്ത്രണത്തിൽ നിന്ന് സ്ഥിരമായി ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19-1-2005-ലെ 123001/ss2/2004/Fin. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി

(1) 'ഓണറേറിയം' 'സാലറി' യോടൊപ്പം തന്നെ പരിഗണിക്കുവാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞതനുസരിച്ച് 11/2004 മുതൽ ഓണറേറിയവും ട്രഷറികളിൽ നിന്ന് സാലറിയോടൊപ്പം നൽകിവരുന്നു.

(2) എല്ലാ സ്ഥാപനങ്ങളുടെയും ഡയറ്റ് ചാർജ്ജുകൾ ട്രൈബൽ ഹോസ്റ്റൽ/ എം.ആർ.എസ്./ആശ്രമം സ്കൂളുകൾ/ഫുഡ് സപ്പോർട്ട് പ്രോഗ്രാം/ട്രൈബലുകളുടെ സൗജന്യ റേഷൻ/ആരോഗ്യ പദ്ധതികൾ/വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഇന്റേൺഷിപ്പ്, സ്കോളർഷിപ്പ്, സ്റ്റൈപന്റ് എന്നിവ സ്ഥിരമായി പുറപ്പെടുവിക്കാറുള്ള 'പ്രതിമാസ ട്രഷറി ഇളവുകളിൽ' ഉൾപ്പെടുത്തി വരുന്നുണ്ട്. പ്രതിമാസ ട്രഷറി ഇളവ് മിക്കവാറും ഓരോ മാസത്തെയും അവസാന 'ആഴ്ച' മാത്രമായിരിക്കും പ്രാബല്യത്തിലുള്ളത്. ഈ ഇനങ്ങളെ സ്ഥിരമായി ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുവാൻ നിലവിലുള്ള സാമ്പത്തികാവസ്ഥയിൽ ബുദ്ധിമുട്ടാണ്.

## വനംവന്യജീവി വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ ശിപാർശ

(1) കാക്കത്തുറിപാലവുമായി ബന്ധപ്പെട്ട നിർമ്മാണത്തിനാവശ്യമായ തുകയുടെ അടങ്കൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാനും ആയതിന്റെ വിശദാംശം സമിതിയെ അറിയിക്കാനും നിർദ്ദേശിച്ചു.

28-2-2009-ലെ 1912/ഡി1/2005/വനം നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

നോർത്ത് വയനാട് ഡിവിഷനിൽ പേരിയ റേഞ്ചിൽപ്പെടുന്ന കാക്കത്തുറി പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള പണിക്കായി 7,15,100 രൂപയുടെ അടങ്കലിന് അംഗീകാരം നൽകിയിട്ടുള്ളതായും പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ കൾവർട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞതായും സംരക്ഷണ വിഭാഗം സി.സി.എഫ്. അറിയിച്ചിട്ടുണ്ട്.

(2) ആദിവാസികൾക്ക് വനാതിർത്തിയിൽ പട്ടയം നൽകാനുള്ളതിന്റെ വിശദാംശം ലഭ്യമാക്കണം.

12-8-2005-ലെ 1894/സി1/05/വനം നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി

വനാതിർത്തിയിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി പട്ടയം നൽകേണ്ടത് റവന്യൂ വകുപ്പാണ്. വനത്തിൽ താമസിക്കുന്ന ഭൂരഹിത ആദിവാസി കൾക്ക് പട്ടയം നൽകുന്നതിനായി ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ 7693.2257 ഹെക്ടർ വനഭൂമി വിട്ടുകൊടുക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഈ നിബന്ധനകൾ പൂർണ്ണമായും പാലിച്ചതിനുശേഷം മാത്രമേ അന്തിമ അനുമതി നൽകുകയുള്ളൂ.

അന്തിമ അനുമതി ലഭിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

കേന്ദ്ര പരിസ്ഥിതി-വനം വകുപ്പിന്റെ 21-8-2003-ലെ എഫ്.നമ്പർ 8/16/2002-എഫ്.സി. നമ്പർ കത്തിന്റെയും തുടർന്ന് സർക്കാർ പുറപ്പെടുവിച്ച 8-10-2003-ലെ ജി.ഒ. (എംഎസ്.) 48/03/വനം നമ്പർ ഉത്തരവിന്റെയും പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം II)

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

വനത്തിൽ താമസിക്കുന്ന ഭൂരഹിത ആദിവാസികൾക്ക് കൈവശ അവകാശരേഖ നൽകുന്നത് സംബന്ധിച്ച നടപടികൾ ഏതുവരെയായി.

10-3-2014-ലെ 5109/സി1/08/വനം നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

2006-ലെ വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പും റവന്യൂ വകുപ്പും വനം വകുപ്പും സംയുക്തമായിട്ടാണ്. പട്ടികവർഗ്ഗ വികസന വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് കൈവശരേഖ നൽകുന്നതിനുള്ള എല്ലാ സഹായവും വനം വകുപ്പിന്റെ ഭാഗത്തുനിന്നും നൽകുന്നുണ്ട്. വനാവകാശ നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും പ്രതിപാദിക്കുന്ന ഗ്രാമസഭകൾ, വനാവകാശ കമ്മിറ്റികൾ, സബ്ഡിവിഷൻതല കമ്മിറ്റി, ജില്ലാതല കമ്മിറ്റി, സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികൾ എന്നിവ വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത അപേക്ഷകൾ, സാമൂഹിക ആവശ്യങ്ങൾക്കായുള്ള അപേക്ഷകൾ എന്ന രീതിയിൽ പരിഗണിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.

പട്ടയം നൽകുന്ന നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. സബ്ഡിവിഷൻ സമിതിയിൽ റെയിഞ്ചാഫീസർ അംഗമാണ്. വനാവകാശങ്ങൾ സംബന്ധിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത് ജില്ലാ സമിതിയാണ്. സംസ്ഥാന സമിതി വനാവകാശം സംബന്ധിച്ച് തീർപ്പുകൽപ്പിക്കുന്ന നടപടികൾ തടസ്സമില്ലാതെ നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. 30-9-2013 വരെയുള്ള കണക്കനുസരിച്ച് 24426 (ഇരുപത്തി നാലായിരത്തി നാനൂറ്റി ഇരുപത്തിയാറ് മാത്രം) കൈവശാവകാശ രേഖ നൽകുകയും 110 സാമൂഹിക അവകാശങ്ങളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ, വനാവകാശ നിയമം, 2006-ലെ സെക്ഷൻ 3(2) പ്രകാരം വികസന പ്രവർത്തനങ്ങൾക്കായുള്ള അവകാശങ്ങൾ വിവിധ ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർമാർ മുഖേന അനുവദിച്ചുനൽകി വരുന്നു.

## എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ ശിപാർശ

വയനാട് ജില്ലയിലെ അന്തർ സംസ്ഥാന അതിർത്തിയിലൂടെ കവർ ചാരായം ആദിവാസി വിഭാഗത്തിലെ കുട്ടികൾ ഉൾപ്പെടെയുള്ളവരെ ഉപയോഗിച്ച് കടത്തുന്നത് തടയാൻ എക്സൈസ് വകുപ്പ് കർശനനടപടി സ്വീകരിക്കണം.

### 25-1-2006-ലെ 34873/ജി2/04/നി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി

ആദിവാസി വിഭാഗത്തിലെ കുട്ടികളെ ഉപയോഗപ്പെടുത്തി ചാരായം കടത്തുന്നത് ഒഴിവാക്കുവാൻ അതിർത്തികളിൽ ജാഗ്രത പുലർത്തുന്നതിനും പരിശോധന കർശനമാക്കുന്നതിനും പുറമേ ആദിവാസി മാതാപിതാക്കളെ ഇതിനെതിരെ ബോധവൽക്കരിക്കുന്നതിന് ക്ലാസ്സുകൾ നടത്തുന്നതുമാണ്.

## പവർ വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ ശിപാർശ

വയനാട് ജില്ലയിൽ വൈദ്യുതി ബന്ധം പൂർണ്ണമായും, ഭാഗികമായും നൽകിയിട്ടുള്ള ആദിവാസി സങ്കേതങ്ങളുടെ വിശദാംശം സമിതിക്ക് ലഭ്യമാക്കണം.

### 9-9-2005-ലെ 12880/സി1/04/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്

വയനാട് ജില്ലയിൽ ജനകീയാസൂത്രണ പദ്ധതി, പി.എം.ജി.വൈ., ഐ.റ്റി.ഡി.പി. സ്കീമുകളിലായി 354 കോളനികൾ പൂർണ്ണമായോ ഭാഗീകമായോ വൈദ്യുതീകരിച്ചിട്ടുണ്ട്.

## ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ ശിപാർശ

(1) വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ വ്യാപകമായി വന്ധ്യം കരണത്തിന് വിധേയമാക്കിയെന്ന ആക്ഷേപം സംബന്ധിച്ച എല്ലാ വിവരങ്ങളും സമിതിക്ക് ലഭ്യമാക്കണം.

### 17-12-2004-ലെ 54850/എഫ്.ഡബ്ല്യൂ. 2/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി

'ചെറിയ കുടുംബം സന്തുഷ്ട കുടുംബം' എന്ന ആശയത്തെ അടിസ്ഥാനമാക്കി ഇന്ത്യാ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കുടുംബാസൂത്രണം പരിപാടി. ഇത് കേരളത്തിലെ പിന്നോക്ക ജില്ലയായ വയനാട്ടിലും നടപ്പിലാക്കേണ്ടത് ഗവൺമെൻറിന്റെ കടമയാണ്. ഇതിൽ നിന്നും ഒരു പ്രത്യേക വിഭാഗത്തെയോ, പ്രദേശത്തെയോ മാറ്റി നിർത്തുന്നത് അവരെ അവഗണിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി

നിർത്തുന്നതിനും തുല്യമാണ്. തികച്ചും സൗജന്യവും, ഗുണനിലവാരം ഉറപ്പുവരുത്തിയും കൗൺസിലിംഗിനുവിധേയമാക്കിയും, വേണ്ട മുൻകരുതലുകളെടുത്തും, ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ നിബന്ധനകൾ അംഗീകരിച്ച ഇൻഷ്വറൻസ് കവറേജും ഉറപ്പുവരുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു വിഭാഗത്തിൽപ്പെട്ട ജനതയേയും നിർബന്ധിത വന്ധ്യംകരണം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കാറില്ല. ഇതിനായി വരുന്നവരെ കൗൺസിലിംഗ് നടത്തി നിയമപ്രകാരമുള്ള സമ്മതപത്രം ഒപ്പിട്ടുവാങ്ങിയശേഷം മാത്രമേ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കാറുള്ളൂ. ഈ വിഷയത്തിൽ ആദിവാസികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയും, പട്ടികവർഗ്ഗക്ഷേമ വകുപ്പിൽ നിന്നും പ്രത്യേക അനുമതി വാങ്ങിച്ചുമാണ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കാറുള്ളത്. മൂന്ന് കുട്ടികൾ ഉള്ളവരെ മാത്രമേ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കാറുള്ളൂ. രണ്ട് കുട്ടികളുള്ളവരെ അവർ ആവശ്യപ്പെടുകയാണെങ്കിൽ മാത്രം ആരോഗ്യ സ്ഥിതി പരിഗണിച്ച് മേൽപ്പറഞ്ഞ നിബന്ധനകളും അംഗീകരിച്ച് മാത്രം ശസ്ത്രക്രിയ നടത്തുന്നു.

മറ്റു സമുദായത്തിലെ അമ്മമാർ പ്രസവത്തോടനുബന്ധിച്ച് അവരുടെ ഇഷ്ടാനുസരണം ശസ്ത്രക്രിയയ്ക്ക് വിധേയരായാണ് ആശുപത്രി വിടുന്നത്. എന്നാൽ, ആദിവാസി അമ്മമാർ രണ്ടാമത്തെയോ, മൂന്നാമത്തെയോ, നാലാമത്തെയോ പ്രസവത്തിനുശേഷം പ്രസവം നിർത്തണമെന്ന് ആവശ്യപ്പെട്ടാൽപോലും അവരുടെ ആരോഗ്യസ്ഥിതി മോശമാണെങ്കിൽ മിക്കപ്പോഴും പ്രസവാനന്തര വന്ധ്യംകരണ ശസ്ത്രക്രിയ നടത്താറില്ല. പിന്നീട് അവർ ക്യാമ്പുകളിൽ വന്നാണ് ശസ്ത്രക്രിയ നടത്തുന്നത്. ഇത് ക്യാമ്പുകളിലെ എണ്ണം വർദ്ധിപ്പിക്കാൻ ഇടയാകുന്നു. ഇത് നിർബന്ധിത വന്ധ്യംകരണ ശസ്ത്രക്രിയയായി കാണാവുന്നതല്ല. ഇതു സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ അനുബന്ധം III ആയി ചേർക്കുന്നു.

## ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ ശിപാർശ

വയനാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ കുടിവെള്ള വിതരണത്തിലെ ദൗർലഭ്യം പരിഹരിക്കുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി പ്രത്യേക പരിഗണന നൽകണം.

3-1-2009-ലെ 5534/സി2/07/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമായ മറുപടി

നിലവിലുള്ള പദ്ധതികൾക്കനുസൃതമായി പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. പുതിയ പദ്ധതികൾ നടപ്പാക്കാനായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

### അദ്ധ്യായം III

## സമിതിയുടെ ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവ

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

### ശിപാർശ (ഖണ്ഡിക നമ്പർ 52)

പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ആദിവാസി പെൺകുട്ടികൾക്കായുള്ള മുത്തങ്ങ തയ്യൽ പരിശീലന കേന്ദ്രത്തിന്റെ 2 വർഷ കോഴ്സിന് പി.എസ്.സി. അംഗീകാരം നേടിയെടുക്കാൻ നടപടി സ്വീകരിക്കുക.

### ശിപാർശ (ഖണ്ഡിക നമ്പർ 82)

സുഗന്ധഗിരി ഏലത്തോട്ടത്തിലെ ഭൂമി നൽകുന്നത് സംബന്ധിച്ച മാനദണ്ഡം അഭിപ്രായ സമന്വയത്തിലൂടെ രൂപീകരിക്കണം.

### പൊതുവായ ശിപാർശ (ഖണ്ഡിക നമ്പർ 1)

സുഗന്ധഗിരി കാർഡമം പ്ലാന്റേഷനിലെ ഭൂമി വിതരണം ചെയ്യുന്നതിലെ തർക്കങ്ങൾ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണം.

### തുടർ ശിപാർശ

ഏറെ ബൃഹത്തായ ഈ റിപ്പോർട്ടിലെ ഒട്ടുമിക്ക ശിപാർശകളിന്മേലും നടപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ കാണിച്ച ശുഷ്കാന്തിയെ സമിതി അഭിനന്ദിക്കുന്നു. എന്നിരുന്നാലും റിപ്പോർട്ടിലെ ഖണ്ഡിക 52, 82 എന്നിവയിന്മേലും പൊതുവായ ശിപാർശ നമ്പർ 1 ന്മേലും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കാതിരുന്ന പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് സമിതി വിലയിരുത്തുന്നു. മേൽപ്പറഞ്ഞ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നു.

## District : Wayanad

| Sl. No. | Year | Sterilization Conducted (ST) | | | | | | Sterilization Conducted (Total) | | | | | | ST in Percentage | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Male | Female | | | Total | | Male | Female | | | Total | | | |
| | | NSV | PPS | MINILAP | LAPRO | Male | Female | NSV | PPS | MINILAP | LAPRO | Male | Female | Male | Female |
| 1 | 2002-03 | 52 | 329 | 135 | 143 | 52 | 607 | 98 | 4525 | 608 | 86 | 98 | 5219 | 53.06 | 11.63 |
| 2 | 2003-04 | 65 | 310 | 147 | 123 | 65 | 580 | 215 | 4399 | 651 | 561 | 215 | 5611 | 30.23 | 10.34 |
| 3 | 2004-05 | 5 | 275 | 89 | 57 | 5 | 421 | 29 | 3826 | 426 | 226 | 29 | 4478 | 17.24 | 9.40 |
| 4 | 2005-06 | 9 | 270 | 32 | 50 | 9 | 352 | 11 | 3893 | 220 | 208 | 11 | 4321 | 81.82 | 8.15 |
| 5 | 2006-07 | 15 | 297 | 34 | 84 | 15 | 415 | 15 | 3269 | 203 | 291 | 15 | 3763 | 100.00 | 11.03 |
| 6 | 2007-08 | 32 | 211 | 47 | 103 | 32 | 361 | 32 | 3016 | 236 | 407 | 32 | 3659 | 100.00 | 9.87 |
| 7 | 2008-09 | 109 | 277 | 38 | 89 | 109 | 404 | 201 | 2771 | 146 | 274 | 201 | 3191 | 54.23 | 12.66 |
| 8 | 2009-10 | 78 | 287 | 41 | 114 | 78 | 442 | 168 | 2630 | 123 | 265 | 168 | 3018 | 46.43 | 14.65 |
| 9 | 2010-11 | 69 | 292 | 23 | 100 | 69 | 415 | 144 | 2468 | 78 | 308 | 144 | 2854 | 47.92 | 14.54 |
| 10 | 2011-12 | 64 | 304 | 7 | 53 | 64 | 364 | 64 | 2484 | 126 | 126 | 64 | 2736 | 100.00 | 13.30 |
| 11 | 2012-13 | 114 | 270 | 11 | 15 | 114 | 296 | 137 | 2436 | 106 | 95 | 137 | 2637 | 83.21 | 11.22 |
| Total | | 612 | 3122 | 604 | 931 | 612 | 4657 | 1114 | 35717 | 2923 | 2847 | 1114 | 41487 | 54.94 | 11.23 |

അനുബന്ധം II

F.No 8-16/2002-FC
Government of India
Ministry of Environment & Forests
(FC Division)

भारत सरकार
पर्यावरण एवं वन मंत्रालय
GOVERNMENT OF INDIA
MINISTRY OF ENVIRONMENT & FORESTS

Paryavaran Bhawan,
CGO Complex, Lodi Road,
New Delhi-110003
Dated : 21[st] August, 2003

The Principal Secretary,
Forest and Wildlife Department,
Government of Kerala,
Thiruvananthapuram, Kerala.

Diversion of 7693.2257 ha. of vested forest land for resettlement of landless tribals in the State of Kerala.

I am directed to refer to your letter No. 1053/C1/2002/F&WLD, dated 26-07-2003 on the subject mentioned above seeking prior approval of the Central Government under Section 2 of the Forest (Conservation) Act, 1980 and to say that the proposal has been examined by the Forest Advisory Committee constituted by the Central Government under Section 3 of the aforesaid Act.

After careful consideration of the proposal of the State Government, the Central Government hereby conveys its 'in-principle (Stage-I)' approval under Section 2 of the Forest (Conservation) Act, 1980 for diversion of **7693.2257** ha. of Reserved Forest/Vested Forest land in Kasargod, Kannur, Wayanad, Palakkad, and Malappuram districts for resettlement of landless tribals in the State of Kerala subject to the following conditions.

1. The tribal families will have heritable but inalienable right over the forest land so allotted to them.

2. The State Government shall give an undertaking before seeking Stage-II clearance to the effect that no further proposal in connection with the same shall be submitted by the State Government.

3. About 13,223.31 hectares of the following categories of land, not under the control of the Kerala Forest Department at present, shall be mutated in favour of the Forest Department and notified under Section 4 of the Kerala Forest Act, 1961 as Reserved Forest, for better protection and management, which shall be adjusted against the provision of Compensatory Afforestation :

    (a) About 11,000.00 hectares of ecologically fragile land acquired by the State Government from private individuals.

Continued page 2

(b) About 70.00 hectares of densely wooded area in Aracode Estate of The Corporation of Kerala Limited

(c) About 1,160.00 hectares of mangrove forests available with the Revenue and local authorities and private individuals in Kannur, Kasaragod and Kozhikode dis

(d) About 50.00 hectares of private land available in Kannur district for the purp elephant corridor as part of the ongoing programme

(e) About 463.71 hectares and 189.60 hectares of wooded areas in Sugandhagiri Pookkot respectively

(f) About 40.00 hectares and 250.00 hectares of private forest land in Kozhikod Kannur districts respectively

The State Government shall make necessary budgetary provisions for acquisition of areas identified for the said purpose, as mentioned above.

4. The project shall be implemented by the Kerala Forest Department. A Forest Officer be appointed as Rehabilitation Commissioner who shall ensure appropriate consolid forest land in the State. Through the Rehabilitation Commissioner, the State Gove shall also ensure in situ integrated development of the tribals under the project a provide the tribals adequate source of livelihood without compromising on conserv bio diversity in the forests.

5. The Kerala Land Assignment Rules shall have no bearing on the present proposal.

After receipt of compliance report on fulfillment of the conditions mentioned ab proposal will be considered for its final approval under Section 2 of the Forest (Conse Act, 1980.

Yours fai

(Sandeep
Assistant Inspector General of

Copy to

1. The Principal Chief Conservator of Forests, Kerala, Forest Headq Thiruvananthapuram, for information
2. The Nodal Officer, O/o the Principal Chief Conservator of Forests, Kerala, Headquarters, Thiruvananthapuram for information
3. The CCF(Central), Regional Office, Bangalore for information
4. Guard file

(Sandeep
Assistant Inspector General of

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവി വകുപ്പ് - സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസത്തിന് വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി)വകുപ്പ്

ജി.ഒ. (എം.എസ്)നം. 48/03/ വനം തിരുവനന്തപുരം തീയതി 8.10.2003

സൂചന. 1.കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിനയച്ച 26.7.03 ലെ 1053/ബി1/02/ വനം നംപർ സർക്കാർ കത്ത്

2. 21/8/2003 ലെ 8 -16 /02 എഫ് സി നംപർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻെറ കത്ത്

3. 2.9.2003 ലെ മുഖ്യവനപാലകം (സംരക്ഷണം)ൻെറ എഫ്.ബി.1/30268/99 നംപർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് കാസർഗോഡ് കണ്ണൂർ,കോഴിക്കോട് ,പാലക്കാട് മലപ്പുറം,വയനാട് എന്നീ ജില്ലകളിലെ 12196.1829 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനുവേണ്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻെറ മുൻകൂർ അനുമതി തേടുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി ഇതനുസരിച്ച് കേന്ദ്രഗവൺമെൻറിൻെറ അനുമതിക്കായി 2002 ജനുവരിയിൽ നിർദേശം സമർപ്പിക്കുകയുണ്ടായി. 2003 ജൂൺ മാസത്തിൽ കേന്ദ്ര വന ഉപദേശകസമിതി കേരളം സന്ദർശിച്ച് വൃക്ഷനിബിഡമായ വനം ഒഴിവാക്കിയും പുനരധിവാസത്തിനു യോഗ്യമായ സ്ഥലം ഉൾപ്പെടുത്തിയുമുള്ള ഒരു പരിഷ്ക്കരിച്ച നിർദേശം സമർപ്പിക്കാൻ ആവശ്യപ്പെടുകയുമുണ്ടായി.

2. അതുപ്രകാരം സംസ്ഥാന സർക്കാർ 26.7.2003ൽ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 7093.2267 ഹെക്ടർ നിക്ഷിപ്തവനഭൂമി വിട്ടുതരണമെന്ന് കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത നിർദേശത്തിൽ സംസ്ഥാന സർക്കാരിന് മൊത്തം 12196 ഹെക്ടർ ഭൂമി ആവശ്യമുള്ളതിൽ ഇപ്പോഴത്തെ ആവശ്യം ഒന്നാം ഘട്ടംമാത്രമാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്.

3. 21.8.2003 ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻെറ കത്തുപ്രകാരം താഴെപ്പറയുന്ന സ്ഥലങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാരിൻെറ നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചതായി അറിയിച്ചിട്ടുണ്ട്

| ക്രമനമ്പർ | ജില്ല | ഫോറസ്റ്റ് ഡിവിഷൻ | സ്ഥലം ഹെക്ടർ കണക്കിൽ |
|---|---|---|---|
| 1 | കാസർഗോഡ് | കണ്ണൂർ | 37. 203 |
| 2 | കണ്ണൂർ | കണ്ണൂർ | 83.00 |

| | | | |
|---|---|---|---|
| 3 | വയനാട് | വടക്കേ വയനാട് തെക്കേ വയനാട് | 3008.080 |
| 4 | മലപ്പുറം | നിലമ്പൂർ (സൗത്ത്) | 203.640 |
| 5 | പാലക്കാട് | മണ്ണാർക്കാട് പാലക്കാട് നെന്മാറ | 4.381.3027 |
| | | ആകെ | 7693.2257 |

4. കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി പല വ്യവസ്ഥകൾക്കും വിധേയമായിട്ടുള്ളതാണ്.. പ്രസ്തുത വ്യവസ്ഥകൾ പാലിച്ചതിനുശേഷം കേന്ദ്രമന്ത്രാലയം ഇക്കാര്യം പരിശോധിച്ച് 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് അനുസരിച്ച് അന്തിമ അനുമതി നൽകുന്നകാര്യം പരിഗണിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതു സംബന്ധിച്ച് കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചശേഷം താഴെപ്പറയുന്ന നിർദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

1. ആദിവാസി കുടുംബങ്ങൾക്ക് പരമ്പരാഗതാർജ്ജിത അവകാശം ഉള്ളതും പക്ഷെ കൈമാറ്റപ്പെടാത്തതുമായ അവകാശം അവർക്ക് നൽകിയിട്ടുള്ള വനഭൂമിയിൽ നൽകേണ്ടതാണ്.

2. ആദിവാസികളുടെ ഉന്നമനത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കണം.

3. ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥനെ പുനരധിവാസ കമ്മീഷണറായി നിയമിക്കണം.

4. 2001ലെ കേരള പട്ടികവർഗ ഭൂമിപതിച്ചുനൽകൽ വ്യവസ്ഥകൾ ഇപ്രകാരം നൽകുന്ന ഭൂമിക്കു ബാധകമായിരിക്കുന്നതല്ല.

5 പരിസ്ഥിതിപരമായി ദുർബലമായ, സർക്കാരിൽ നിക്ഷിപ്തമാകുന്ന പ്രദേശങ്ങളുടെ യഥാർത്ഥ അളവ് ബന്ധപ്പെട്ട ബിൽ നടപ്പിലാക്കിയശേഷം സ്ഥിരീകരിച്ച് വനം വകുപ്പിനു കൈമാറേണ്ടതും കേരള വനനിയമത്തിലെ 4 ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

6. പരിസ്ഥിതിപരമായി ദുർബലമായ ഭൂപ്രദേശമായി വിജ്ഞാപനം ചെയ്ത 30.38 ഹെക്ടർ ഉൾപ്പെടെയുള്ള അരിപ്പ എസ്റ്റേറ്റിലെ 100.38 വനനിബിഡമായ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷൻ വനംവകുപ്പിനു കൈമാറേണ്ടതും ആയത് റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനായി കേരള വനനിയമം നാലാം വകുപ്പു പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്

[illegible] 2.15 [illegible] [illegible] [illegible] [illegible]

8. 625 മുതൽ 925 [illegible] [illegible] സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള 925 ഹെക്ടർ [illegible] ഘട്ടംഘട്ടമായി യുക്തമായ സമയപരിധിക്കുള്ളിൽ [illegible] ഫണ്ടിന്റെ ലഭ്യതയനുസരിച്ച് [illegible] വകുപ്പനുസരിച്ച് വിജ്ഞാപനം [illegible].

9. കണ്ണൂർ ജില്ലയിലുള്ള [illegible] 50 ഹെക്ടർ [illegible] യുക്തമായ സമയപരിധിക്കുള്ളിൽ 250 [illegible] ഫണ്ടിന്റെ ലഭ്യതയനുസരിച്ച് [illegible] ഏറ്റെടുക്കേണ്ടതാണ്.

10 സുഗന്ധഗിരിയിലേയും പുക്കോട്ടിലേയും യഥാക്രമം 463.71 ഹെക്ടറും 189.60 ഹെക്ടറും ഭൂമി അളന്നുതിരിച്ച് [illegible] കൈമാറേണ്ടതാണ്.

11. കോഴിക്കോട് ജില്ലയിലെ 40 [illegible] 160 ലക്ഷം രൂപയ്ക്ക് യുക്തമായ സമയപരിധിക്കുള്ളിൽ [illegible] ലഭ്യതയനുസരിച്ച് ഏറ്റെടുക്കേണ്ടതാണ്.

12. കണ്ണൂർ ജില്ലയിൽ [illegible] [illegible] പരിഗണനയിലുള്ള 250 ഹെക്ടർ [illegible] 1000 [illegible] കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും ) നിയമം അനുസരിച്ച് നിക്ഷിപ്തമാക്കാൻ [illegible] സമയപരിധിക്കുള്ളിൽ [illegible] [illegible] ഏറ്റെടുക്കേണ്ടതും വനം നിയമം [illegible] [illegible] വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

[illegible]
[illegible]
[illegible] സെക്രട്ടറി, [illegible]
(വനം വകുപ്പ് [illegible])

സെക്രട്ടറി, [illegible] വനം പരിസ്ഥിതി [illegible]
[illegible] (തദ്ദേശ [illegible])
[illegible] ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തിരുവനന്തപുരം
ചീഫ് ടി.ആർ.സി.എം. കോ ബായ് [illegible] തിരുവനന്തപുരം
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ([illegible]) തിരുവനന്തപുരം
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്ത് റീജിയൻ) കോഴിക്കോട്
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ റീജിയൻ) കൊല്ലം

റവന്യൂ വകുപ്പ്,കൃഷി വകുപ്പ്, ധനകാര്യവകുപ്പ്
ലോക്കൽസെൽഫ്ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ്
പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്
ജില്ലാ കളക്ടർ(കണ്ണൂർ, കാസർഗോഡ്,മലപ്പുറം,കോഴിക്കോട് ,പാലക്കാട്
വയനാട്)
കൺസർവേറ്റർ & കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റ്സ്, കോഴിക്കോട്.
വനം വന്യജീവി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ജി.എ.ഡി(എസ്.സി) (കൺട്രോൾ നമ്പർ 2298 )
സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ